**നം.കെ.എസ്.എ-കെ.ടി.എം.പി.9/179/2020** **തീയതി : 12.3.2020**

# കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.07.2018 മുതൽ 31.12.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 13.02.2020-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബു സി.ജോർജ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03.02.2020 മുതൽ 13.02.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പ്രസാദ് പി.ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സ്മിത ജി.നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി യു. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി രഞ്ജു പ്രകാശ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജോഷി തോമസ് | ഓഡിറ്റർ |

**നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എ.കെ.ആലിച്ചൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.അരുൺകുമാർ എൻ. | 01.04.2018 മുതൽ 31.03.2019 വരെ |

**മറ്റ് നിർവ്വഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.സുബാഷ് എസ്.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ബോബി റ്റി. | 01.04.2018 മുതൽ 30.11.2018 വരെ |
| | ഡോ.അമ്പിളി ടോം | 01.12.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.അൻസു ഒ.എ. | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി അന ജി.വർഗ്ഗീസ് | 01.04.2018 മുതൽ 26.06.2018 വരെ |
| | ശ്രീ.ഷാനവാസ് ഇ. | 27.06.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജോബി ജോർജ് | 01.04.2018 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ.ബിജു ടി.എസ്. | 01.04.2018 മുതൽ 21.11.2018 വരെ |
| | ശ്രീമതി ദീപ മോഹനൻ | 01.04.2018 മുതൽ 21.11.2018 വരെ |
| | ശ്രീ.സുനിൽ എ.പി. | 22.11.2018 മുതൽ 31.03.2019 വരെ |
| | ശ്രീമതി ലേഖ എം.തമ്പി | 22.11.2018 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ത്രേസ്യാമ്മ | 01.04.2018 മുതൽ 31.07.2018 വരെ |
| | ശ്രീമതി നാൻസി ലിസ തോമസ് | 01.08.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി രേവതിക്കുട്ടി കെ.ആർ. | 01.04.2018 മുതൽ 13.11.2018 വരെ |
| | ശ്രീ.മനോഹരൻ | 14.11.2018 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി സിന്ധു കെ. | 01.04.2018 മുതൽ 31.10.2018 വരെ |
| | ശ്രീമതി ഓമന വി.എ. | 01.11.2018 മുതൽ 31.03.2019 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി പ്രീത | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| **ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട്** | |
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |

| | |
|---|---|
| 1-3 | പദ്ധതി അവലോകനം |
| 1-4 | ആഭ്യന്തരനിയന്ത്രണം |
| 1-5 | കാഷ് വേരിഫിക്കേഷൻ |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷികകണക്കുകളുടെ അവലോകനം |
| 1-8 | രസീതുബുക്കുകൾ പ്രകാരം പിരിച്ച ഗുണഭോക്തൃ വിഹിതം അടവാക്കിയതിൽ കാലതാമസം |
| 1-9 | ഇ-ടെൻഡർ-ഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചിട്ടില്ല |
| 1-10 | വിവിധ വരവിനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമായില്ല |
| 1-11 | തൊഴിൽനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിലെ അപാകതകൾ |
| 1-12 | സ്ഥാപന തൊഴിൽനികുതി അടവാക്കാത്തത് |
| 1-13 | ലൈസൻസ് സംബന്ധിച്ച അപാകതകൾ |
| 1-14 | പ്രത്യേക ആവശ്യത്തിന് ലഭിച്ച തുകകൾ വിനിയോഗിച്ചിട്ടില്ല |
| 1-15 | തനതുഫണ്ടിൽ നിന്നും നൽകിയിട്ടുള്ള താൽക്കാലിക മുൻകൂറുകൾ-തിരികെ ഈടാക്കുന്നതിൽ/ക്രമീകരിക്കുന്നതിൽ വീഴ്ച |
| 1-16 | സർക്കാരിലേയ്ക്ക് അടയ്ക്കാനുള്ള തുകകൾ അടവാക്കിയിട്ടില്ല |
| 1-17 | നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങൽ ഇടപാട് നടത്തി |
| 1-18 | ഒഴിവ് ഇല്ലാത്ത തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം-സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നില്ല |
| 1-19 | മഴക്കാലപൂർവ്വ ശുചീകരണത്തിനുള്ള ചെലവുകൾ-ഉത്തരവ് പാലിക്കപ്പെടുന്നില്ല |
| 1-20 | ജില്ലാനിർമ്മിതികേന്ദ്രം മുഖേനയുള്ള നിർമ്മാണപ്രവൃത്തികൾ സംബന്ധിച്ച് |
| 1-21 | കായികക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്-ആവശ്യത്തിലധികം വാങ്ങിയത് |
| 1-22 | പഠനം സുന്ദരം-മാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ചുള്ള നിർവ്വഹണം |
| 1-23 | പ്രോജക്ട് 375/19, സ്മാർട്ട് ക്ലാസ് റൂം-ടെണ്ടർ ക്ഷണിച്ചില്ല |
| 1-24 | 'വാറ്റ്' നായി വകയിരുത്തിയ തുക ഗുണഭോക്തൃസമിതി കൺവീനർമാർക്ക് നൽകി |
| 1-25 | പാടശേഖരങ്ങളുടെ മോട്ടോർഷെഡ് അറ്റകുറ്റപ്പണി-പ്രവൃത്തി പൂർത്തിയാക്കിയില്ല |
| 1-26 | പ്ലാസ്റ്റിക്ക് മാലിന്യ ഷ്രെഡിങ്ങ് യൂണിറ്റ്, മെറ്റീരിയൽ റിക്കവറി യൂണിറ്റ് കെട്ടിടനിർമ്മാണം-അപാകതകൾ-തുക തടസ്സപ്പെടുത്തുന്നു |

| | |
|---|---|
| 1-27 | പി.എച്ച്.സി. അടിസ്ഥാന വികസനം-വ്യക്തമായ കരാർ വ്യവസ്ഥകളില്ലാതെ തുക കൈമാറി-നിർമ്മാണം പ്രാരംഭഘട്ടത്തിൽ |
| 1-28 | സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഇരുചക്രവാഹന പരിശീലനത്തിന് തുക ചെലവഴിച്ചു |
| 1-29 | ഉൽപ്പാദന ബോണസ് വിതരണ വിവരങ്ങൾ ലഭ്യമാക്കിയില്ല |
| 1-30 | ബാലസഭ-പരമാവധി പരിധി അധികരിച്ച് തുക ചെലവഴിച്ചു |
| 1-31 | ഭക്ഷ്യവിളകളുടെ വിത്ത്-വിതരണ രേഖകൾ ഹാജരാക്കിയില്ല |
| 1-32 | കുടുംബശ്രീ ക്യാന്റീൻ പ്രവർത്തനം കാര്യക്ഷമമല്ല |
| 1-33 | ആശ്രയ പദ്ധതി-പ്ലാൻഫണ്ട് തുകകൾ പിൻവലിച്ച് ചെലവഴിക്കാതെ സൂക്ഷിക്കുന്നു |
| 1-34 | കന്നുകുട്ടി പരിപാലന പദ്ധതി അപാകതകൾ |
| 1-35 | മരുന്ന് ലഭ്യമായില്ല. ചെലവ് തടസ്സപ്പെടുത്തുന്നു |
| 1-36 | ലൈഫ് ഭവന പദ്ധതി(ജനറൽ)-അവലോകനം |
| **ഭാഗം 2 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ |
| **ഭാഗം 3 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം |
| 4-2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച തുക |
| 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപം |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ |
| 4-9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |

| | |
|---|---|
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28.3.2018 തീയതിയിലെ I(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു. 29.1.2019 ൽ ബജറ്റ് പുതുക്കിയിട്ടുണ്ട്.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 3,28,09,804 | 1,69,60,291.45 |
| വരവ് | 29,76,61,400 | 15,05,38,781 |
| ആകെ | 33,04,71,204 | 16,74,99,072.45 |
| ചെലവ് | 31,91,30,200 | 13,34,93,594 |
| നീക്കിയിരിപ്പ് | 1,13,41,004 | 3,40,05,478.45 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് വ്യക്തമാകുന്നു. ബജറ്റ് തയാറാക്കി അംഗീകരിക്കുന്നതിൽ പഞ്ചായത്ത് രാജ് നിയമങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

### 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടത്/ നീക്കിയിരിപ്പ് | % |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 2,12,79,000 | 2,12,79,000 | 2,12,79,000(*) | 0 | 100 |
| വികസന ഫണ്ട്- എസ്.സി.പി(ACR പ്രകാരം) | 0 | 40,06,000 | 40,06,000 | 40,06,000 | | 100 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-<br>ടി.എസ്.പി (ACR പ്രകാരം) | 0 | 2,53,000 | 2,53,000 | 2,53,000 | 0 | 100 |
| മെയിന്റനൻസ്,<br>റോഡ് (ACR പ്രകാരം) | 0 | 76,30,000 | 76,30,000 | 49,33,454 | 26,96,546 | 64.66 |
| മെയിന്റനൻസ്,<br>നോൺ-റോഡ് (ACR പ്രകാരം) | 0 | 44,36,000 | 44,36,000 | 42,66,452 | 1,69,548 | 96.18 |
| സെൻട്രൽ<br>ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം) | 0 | 98,77,000 | 98,77,000 | 98,77,000 | 0 | 100 |
| സാക്ഷരത | 10,272 | 414 | 10,686 | 0 | 10,686 | |
| എസ്.എസ്.എ. | 1,83,176 | 6,496 | 1,89,672 | 0 | 1,89,672 | |
| ശിശുവികസനം(കേന്ദ്രവിഹിതം) | 4,45,991 | 5,18,932 | 9,64,923 | 5,62,270 | 4,02,653 | |
| പൈക്ക | 62,021 | 2,199 | 64,220 | 0 | 64,220 | |
| ജലനിധിപൈപ്പ്<br>ലൈൻ ഷിഫ്റ്റിങ്ങ്<br>ചാർജ് - പി ഡബ്യ്യ ഡി | 0 | 12,10,682 | 12,10,682 | 0 | 12,10,682 | |
| അങ്കണവാടി ബേബി<br>ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് | | 82,000 | 82,000 | 0 | 82,000 | |
| വിമുക്തി | 0 | 25,000 | 25,000 | 25,000 | 0 | |
| വരൾച്ച | 51,300 | 0 | 51,300 | 0 | 51,300 | |
| വെള്ളപ്പൊക്ക ദുരിതാശ്വാസഗ്രാന്റ് | 3,00,131 | 0 | 3,00,131 | 0 | 3,00,131 | |
| ജലനിധി റോഡ്<br>ഷിഫ്റ്റിങ്ങ് ചാർജ് | 0 | 5,62,550 | 5,62,550 | 0 | 5,62,550 | |
| ശുചിത്വമിഷൻ ഫണ്ട് | 44,550 | 2,00,000 | 2,44,550 | 2,00,000 | 44,550 | |
| ജലനിധി | 1,09,72,940 | 2,10,99,438 | 3,20,72,378 | 2,24,00,887 | 96,71,491 | |
| ടോട്ടൽ സാനിട്ടേഷൻ | 21,60,022 | 10,60,032 | 32,20,053 | 0 | 32,20,053 | |
| ആരോഗ്യ ഇൻഷുറൻസ് | 7,464 | 39,500 | 46,964 | 0 | 66,964 | |

| | | | | | | | |
|---|---|---|---|---|---|---|---|
| എം.ജി.എൻ. ആർ.ഇ.ജി. എസ് | തൊഴിലാളികളുടെ കൂലി | | 2,97,86,091 | 2,97,86,091 | 2,97,86,091 | | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1,09,403.5 | 8,96,066 | 10,05,469.5 | 9,68,547 | 36,922.5 | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് (റവന്യൂ) | 7,98,500** | 44,37,450 | 52,35,950 | 51,80,536 | 55,414 | |
| | ജില്ലാപഞ്ചായത്ത് (റവന്യൂ) | 1,13,91,950 | 39,30,464 | 1,53,22,414 | 59,86,673 | 93,35,741 | |
| ജില്ലാപഞ്ചായത്ത്(റവന്യൂ) സ്പെസിഫിക്ക് പർപ്പസ് | | 10,00,000 | 0 | 10,00,000 | 0 | 10,00,000 | |
| ബി ഫണ്ട് | | 0 | 18,58,480 | 18,58,480 | 18,58,480 | 0 | |
| തനത് ഫണ്ട് | | | 1,01,84,835 | | 95,43,386 | പ്രാരംഭബാക്കി നീക്കിയിരിപ്പ് തുകകളിൽ മറ്റ് തുകകൾ കൂടി ഉൾപ്പെട്ടിട്ടുള്ളതിനാൽ ആയതിന്റെ കൃത്യത നിർണ്ണയിക്കാനായില്ല. | |

(*) വികസനഫണ്ട് ചെലവ് തുക വാട്ടർഅതോറിറ്റി കുടിശ്ശികയായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 56,289/- രൂപ ഉൾപ്പടെയുള്ള തുകയാണ്.

**മുൻവർഷത്തെ ഓപ്പണിങ്ങ് ബാലൻസ് 3,83,511 രൂപയാണ് എന്നാൽ 4,14,989 രൂപ ഉൾപ്പെടുത്തി ഓപ്പണിങ്ങ് ബാലൻസ് 7,98,500 രൂപയാക്കിയിട്ടുണ്ട്.

**ബി) ക്ഷേമപദ്ധതികൾ**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 86,760 | 40 |
| കർഷകതൊഴിലാളി പെൻഷൻ | 1,67,13,500 | 1347 |
| വിധവാപെൻഷൻ | 1,12,39,100 | 944 |
| വാർദ്ധക്യകാലപെൻഷൻ | 3,01,19,000 | 2521 |
| വികലാംഗപെൻഷൻ | 50,06,600 | 415 |
| 50 വയസിന് മുകളിലുള്ള അവിവാഹതർക്ക് പെൻഷൻ | 6,27,000 | 54 |

## 1-3 പദ്ധതി അവലോകനം

2018-19 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പുനഃസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പുകൾ 8.2.2018ൽ യോഗങ്ങൾ ചേരുകയുണ്ടായി. പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭ 21.2.2018 മുതൽ 25.2.2018 വരെയുള്ള കാലയളവിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. 6.3.2018 ൽ നടന്ന വികസനസെമിനാറിൽ വാർഷികപദ്ധതി പ്രോജക്ടുകൾക്ക് അന്തിമരൂപം നല്കി. 7.1.2019ലെ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അന്തിമ അംഗീകാരം നല്കിയ വാർഷികപദ്ധതി പ്രോജക്ടുകൾ ജില്ലാ ആസൂത്രണസമിതി 11.2.2019 ലെ 490/18 /DPC/DPO/KTM ഉത്തരവ് പ്രകാരം അംഗീകരിച്ചു.
അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ വാർഷിക പദ്ധതി പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 338 | 23,55,92,828 | 168 | 9,86,22,097 | - | 170 | - |

ആകെയുള്ള 338ൽ 168 പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. ഇവയിൽ ഭാഗികമായി നടപ്പിലാക്കിയവയും ഉൾപ്പെടുന്നു. 144 സ്പിൽഓവർ പ്രോജക്ടുകളിൽ 59 എണ്ണമാണ് നടപ്പാക്കിയത്. അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 77 സ്പിൽഓവർ പ്രോജക്ടുകളിൽ 32 എണ്ണം നടപ്പാക്കിയിട്ടുണ്ട്. സാമ്പത്തികവർഷാവസാനം പൂർത്തിയാക്കിയ 98,90,045 രൂപയുടെ 4 ബില്ലുകൾ മാറാനാവാതെ ട്രഷറിയിൽ 'ക്യൂ'വിലായിരുന്നു. വാർഷികപദ്ധതി അടങ്കൽതുകയുടെ 42% മാത്രമാണ് ചെലവഴിക്കപ്പെട്ടത്.

<u>പദ്ധതി-ഫണ്ടിനങ്ങളുടെ വിനിയോഗം</u>

വാർഷിക പദ്ധതി അടങ്കലിൽ വക കൊള്ളിച്ചിരുന്ന ഫണ്ടിനങ്ങളിൽ വികസനഫണ്ടിന്റെ മൂന്ന് ഘടകങ്ങളും (ജനറൽ/എസ്.സി.പി./ടി.എസ്.പി.), സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റും പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ട്. ടി ഫണ്ടിനങ്ങൾ പൂർണ്ണമായി വിനിയോഗിക്കാൻ കഴിഞ്ഞത് നേട്ടമാണെങ്കിലും മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ലഭ്യമായ തുകയിൽ 28.66 ലക്ഷം രൂപ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു.

പ്രോജക്ടുകൾ നിർവ്വഹിക്കാതിരുന്നതിനാൽ ചുവടെ ചേർക്കുംപ്രകാരമുള്ള നഷ്ടമാണ് സർക്കാർ അനുവദിച്ച തുകകൾ ലാപ്സായത് മൂലം ഉണ്ടായത്.

| ക്രമ നമ്പർ | ഫണ്ടിനം | സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട തുക |
|---|---|---|
| 1 | മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 26,96,546 |
| 2 | മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം | 1,69,548 |
| | **ആകെ** | **28,66,094** |

കൂടാതെ മാർച്ച് മാസം അവസാനം പ്രവൃത്തിപൂർത്തിയാക്കി വിവിധ നിർവഹണ ഉദ്യോഗസ്ഥർ ട്രഷറിയിൽ സമർപ്പിച്ച ബില്ലുകൾ 'ക്യൂ' വിലായതുമൂലം 98,905 രൂപയുടെ ബില്ലുകൾ 2019-20 വർഷത്തെ അലോട്ട്മെന്റിൽ നിന്ന് മാറിയതിനാൽ തൻവർഷ പ്രോജക്ടുകൾക്കായി ഇത്രയും തുകയുടെ ലഭ്യതക്കുറവും ഉണ്ടാകുന്നു.

സെക്രട്ടറി, അസിസ്റ്റന്റ് എൻജിനീയർ ഉൾപ്പെടെ 12 നിർവ്വഹണ ഉദ്യോഗസ്ഥരാണ് വാർഷികപദ്ധതി പ്രോജക്ടുകൾ നടപ്പിലാക്കിയത്. വികസനഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയുടെ പൂർണ്ണമായ വിനിയോഗം ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും ഏകോപിച്ചുള്ള പ്രവർത്തനങ്ങളുടെ ഫലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വി.ഇ.ഒ നടപ്പാക്കിയ ലൈഫ് ഭവനപദ്ധതി(ജനറൽ)ക്കായാണ് ഏറ്റവും കൂടുതൽ തുക വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തത്. കൂടാതെ പ്രത്യേകം പരാമർശിക്കേണ്ട പ്രോജക്ടാണ് ജനറൽ, എസ്.സി വിഭാഗങ്ങൾക്കായി ഭവനനിർമ്മാണത്തിന് സ്ഥലം വാങ്ങൽ (പ്രോ.നം 235/19, ജനറൽ, 349/19 എസ്.സി). തനത് ഫണ്ട് 26,31,140 രൂപയും, ബ്ലോക്ക് വിഹിതം 7,98,500 രൂപയുമുൾപ്പെടെ 34,29,640 രൂപ പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച് 31.108 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്. മാലിന്യനിർമാർജനവുമായി ബന്ധപ്പെട്ട് ഹരിതകർമസേന രൂപീകരിച്ച് പ്ലാസ്റ്റിക് മാലിന്യ ശേഖരണം നടന്നുവരുന്നു. വീടുകളിൽ നിന്നും, വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്ന യൂസർഫീയിലൂടെ മാത്രം ഹരിതകർമസേനയ്ക്ക് പ്രതിഫലം നല്കാൻ സാധിക്കുന്നുവെന്നത് ഈ പ്രക്രിയ വിജയകരമായി നടപ്പാകുന്നുവെന്നതിന്റെ തെളിവാണ്. എന്നിരിക്കിലും പ്ലാസ്റ്റിക് മാലിന്യശേഖരണവും നിർമാർജനവും പൂർണ്ണമായും ഫലപ്രദമാക്കേണ്ടതാണ്. ലൈഫ് പദ്ധതിയിൽ ജില്ലയിൽ ഏറ്റവും കൂടുതൽ വീട് പൂർത്തീകരിച്ചത് അഭിമാനകരമായ നേട്ടമാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം നേടിയ 181 പ്രോജക്ടുകളിൽ കേവലം 65 എണ്ണം മാത്രമാണ് നടപ്പിലാക്കാൻ സാധിച്ചത്. ഇതിൽ ഭൂരിപക്ഷവും റോഡ് കോൺക്രീറ്റിംഗ് പ്രോജക്ടുകളുമാണ്. മറ്റുനിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രവൃത്തികളിൽ ഹെഡ് മാസ്റ്റർ നിർവഹിച്ച, നൂറുമേനി, പഠനം സുന്ദരം വി.ഇ.ഒ നടപ്പിലാക്കിയ തുണി സഞ്ചി വിതരണം, ഐ.സി.ഡി.എസിന്റെ സ്മാർട്ട് അങ്കണവാടി എന്നിവ നിർവഹണത്തിൽ അപാകതയുണ്ടെങ്കിലും വ്യത്യസ്ത പ്രോജക്ടുകളാണ്. സർക്കാർ അംഗീകാരത്തോടെ വ്യത്യസ്ത പ്രോജക്ടുകളിലൂടെ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കാവുന്നതാണ്.

അത്യാവശ്യമായ പ്രോജക്ടുകളാണ് ഏറ്റെടുക്കുന്നതെന്നും ഏറ്റെടുക്കുന്ന എല്ലാ പ്രോജക്ടുകളും നടപ്പാക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ, സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി തുടങ്ങി എല്ലാഭാഗത്തുനിന്നും സംയോജിതമായ നീക്കം ഉണ്ടാവേണ്ടതുണ്ട്.

പഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ടുകൾ പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികവളർച്ച, സാമൂഹ്യനീതിവ്യവസ്ഥ തുടങ്ങിയവയ്ക്ക് ഒരുപരിധിവരെ ഉത്തേജനമായിട്ടുണ്ട്. പരിസ്ഥിതിസുരക്ഷയെ സഹായിക്കുന്നതിന് മാലിന്യ നിർമ്മാർജ്ജനമുൾപ്പെടെ പ്രോജക്ടുകൾ ഏറ്റെടുത്ത് നിലവിലെ പാരിസ്ഥിതികവെല്ലുവിളികളെ അതിജീവിക്കാനാവശ്യമായ ദീർഘവീക്ഷണം പ്രദർശിപ്പിക്കുകയും ചെയ്തിട്ടുമുണ്ട്. ദീർഘവീക്ഷണത്തോടെ, പഞ്ചായത്തിന്റെ സമഗ്രപുരോഗതിയെ ലക്ഷ്യമാക്കി പ്രായോഗികസമീപനത്തോടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സമയബന്ധിതമായി നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-4 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ മെച്ചമായിരുന്നുവെന്നാണ് ഓഡിറ്റിൽ വ്യക്തമാകുന്നത്. പഞ്ചായത്ത് സംവിധാനത്തിന്റെ എല്ലാതലങ്ങളിലും കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം സാധിച്ചിരുന്നു. ഭരണസമിതി ഉദ്യോഗസ്ഥതലത്തിൽ ഏകോപനം ഉണ്ടായിട്ടുണ്ട്. നികുതിനികുതിയിതര വരുമാനങ്ങൾ നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും നിഷ്കർഷ പുലർത്തിയിട്ടുണ്ട്. വസ്തു നികുതി പിരിവ് പല വാർഡുകളിലും 100 ശതമാനം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഗ്രാപഞ്ചായത്തിന്റെ സേവനങ്ങൾ പൊതുജനങ്ങൾക്ക ലഭ്യമാക്കുന്നതിൽ വലിയ ഉത്തരവാദിത്തവും നിഷ്കർഷയുമാണ് പുലർത്തിയിട്ടുള്ളത്. ഫ്രണ്ട് ഓഫീസ് സംവിധാനം വളരെയേറെ മികച്ചതാണ്. സേവനം നല്കുന്നതോടൊപ്പം ലഭ്യമാകുന്ന സേവനം സംബന്ധിച്ച പൊതുജനാഭിപ്രായം സ്വരൂപിക്കുന്നതിന് വിലയിരുത്തൽ ഫാറവും നല്കുകയും രേഖപ്പെടുത്തൽ നടത്തി തിരികെ ലഭിക്കുന്നവ ബൈന്റുചെയ്ത് സൂക്ഷിച്ച് ആഴ്ചതോറും കൃത്യമായി നടക്കുന്ന സ്റ്റാഫ് മീറ്റിംഗിൽ പരിശോധനക്ക് വിധേയമാക്കുകയും ചെയ്തുവരുന്നത് സവിശേഷ പരാമർശം അർഹിക്കുന്നു. ഈ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങളിലെ പാളിച്ചകൾ തിരിച്ചറിഞ്ഞ് പരിഹാരം കാണുകയും ചെയ്യുന്നു. ഫ്രണ്ട് ഓഫീസ് എല്ലാ ദിവസവും കൃത്യം 9 മണിക്ക് പ്രവർത്തനം ആരംഭിക്കുന്നുവെന്നതും വ്യത്യസ്തതയാണ്. എന്നാൽ വാർഷിക പദ്ധതി രൂപീകരണ, നിർവ്വഹണ പ്രവർത്തനങ്ങളിൽ പാളിച്ചകൾ കാണപ്പെട്ടു. പ്രോജക്ടുകളുടെ നിർവഹണങ്ങളിൽ മതിയായ നിയന്ത്രണങ്ങൾ, മേൽനോട്ടങ്ങൾ എന്നിവ ഉണ്ടാകുന്നില്ല. പ്രോജക്ടുകൾക്കായി തനതുഫണ്ട് വകയിരുത്തുന്നത് ഇതുസംബന്ധിച്ച പദ്ധതി മാർഗരേഖകൾ പാലിച്ചല്ല. അംഗീകാരം ലഭിച്ചതിൽ പകുതി പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കാൻ സാധിച്ചത്. വാർഷിക പദ്ധതിവിഹിതം വികസനഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവ 100% ചെലവഴിക്കുകയുണ്ടായിയെന്നിരിക്കലും പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിലും ഏറ്റെടുത്ത പ്രോജക്ടുകൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിലും മതിയായ നിഷ്കർഷ പുലർത്തിയിരുന്നില്ല. പദ്ധതി നിർവ്വഹണത്തിൽ ഫലപ്രദമായ മോണിട്ടറിംഗ് നടപടികൾ ഉണ്ടായില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പണം പിരിവിനായി ഇഷ്യൂ ചെയ്തിട്ടുള്ള രസീത് ബുക്കുകളുടെ ഉപയോഗം, പണം കൈകാര്യം ചെയ്യുന്നതിന്റെ കൃത്യത തുടങ്ങിയവ നിരീക്ഷിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്(ഖണ്ഡിക 1-8 കാണുക).

## 1-5 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6.2.2020 ൽ 3.30 പി.എം.-ന് സെക്രട്ടറി ശ്രീ.അരുൺകുമാർ എൻ.ന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27,599/- രൂപ കാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട്/തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.2.2019 | 1/2019 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.12.2014 മുതൽ 15.1.2015 വരെ | 2009-10 മുതൽ 2013-14 വരെ | No.LBA(HQ)II/8A-2238/341/ 4.3.2015 |

## 1-7 വാർഷികകണക്കുകളുടെ അവലോകനം

**2018-19** സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വസ്തു നികുതി കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

2) ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കാത്തതിനാൽ ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

3) അയ്മനം വില്ലേജ് സർവ്വീസ് സഹകരണ ബാങ്കിലെ തനത് ഫണ്ട് (അക്കൗണ്ട് നം.1174), ദുരിതാശ്വാസ നിധി (അക്കൗണ്ട് നം.7791)അക്കൗണ്ടുകളിൽ നിന്നും നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക "കാലാവധി കഴിഞ്ഞ ചെക്കുകൾ " എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

4) റസീപ്റ്റ് & പേമെന്റിലെ RP 43 ഷെഡ്യൂളിൽ ഡി& ഒ ലൈസൻസ് കുടിശ്ശികയിനത്തിൽ 5,000 രൂപ വരവുണ്ട്. എന്നാൽ 16-17 വർഷത്തെ വാർഷികകണക്കുകൾ പ്രകാരം പ്രസ്തുതയിനത്തിൽ കുടിശ്ശികയില്ല.

5) പഞ്ചായത്ത് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 31,69,455 രൂപയാണ് 18-19 വർഷം പാർട്ട്ബിൽ നൽകിയിരിക്കുന്നത്. എന്നാൽ B-11(a) ഷെഡ്യൂൾ പ്രകാരം 33,58,290 രൂപയാണ് പാർട്ട്ബിൽ ഇനത്തിൽ അവശേഷിക്കുന്നത്.

6) എൻ.ആർ.ഇ.ജി.എസ്. വരവുചെലവ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

7) തൊഴിൽരഹിതവേതനം അലോട്ട്മെന്റ് തെറ്റായാണ് വാർഷിക കണക്കിലുൾപ്പെടുത്തിയിട്ടുള്ളത്.

8) ജില്ലാപഞ്ചായത്തിൽ നിന്നുള്ള തുകയുടെ യഥാർത്ഥചെലവ് 59,86,673 രൂപയാണ്. എന്നാൽ 48,52,830 രൂപയാണ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 11,33,843 രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.

## 1-8 രസീതുബുക്കുകൾ പ്രകാരം പിരിച്ച ഗുണഭോക്തൃ വിഹിതം അടവാക്കിയതിൽ കാലതാമസം

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഗുണഭോക്തൃവിഹിതം പിരിക്കുന്നതിലേക്കായി പഞ്ചായത്തിൽ നിന്നും രസീത് ബുക്ക് നം.8466, 8467, 47174 എന്നിവ കൈപ്പറ്റിയിട്ടുണ്ട്. രസീതുകളുടെ ഉപയോഗത്തിൽ ധാരാളം അപാകതകളുണ്ടായിട്ടുണ്ട്. 8466, 8467 എന്നീ രസീത്ബുക്കുകൾ 2017-18 വർഷത്തേക്ക് പിരിവിനായി കൃഷി ഓഫീസർ കൈപ്പറ്റിയതാണ്. 2018-19 കാലയളവിലും ഇതേ രസീതു ബുക്കിന്റെ അവശേഷിച്ച രസീതുകൾ ഉപയോഗിച്ചാണ് ഗുണഭോക്തൃവിഹിതം പിരിച്ചിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥർ രസീതു ബുക്കുകൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുന്നില്ലെന്നാണ് ഇത് വ്യക്തമാകുന്നത്. കൂടാതെ 47174 നമ്പർ രസീത് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കൈപ്പറ്റിയിട്ടുള്ളത് 2019-20 സാമ്പത്തിക വർഷത്തിൽ 9.4.19 ലാണ്. എന്നാൽ ടി ബുക്ക് പ്രകാരം തുക പിരിച്ചിട്ടുള്ളത് 12.3.19 മുതലാണ് ആരംഭിച്ചിരിക്കുന്നത്. രസീതുകളുടെ സ്റ്റോക്ക് രജിസ്റ്ററിന്റെ പരിപാലനത്തിൽ സെക്രട്ടറി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഭക്ഷ്യവിളകളുടെ വിത്ത് വിതരണം എന്ന പ്രോജക്ടിന്റെ ഗുണഭോക്തൃ വിഹിതം താഴെ കൊടുത്തിരിക്കുന്ന പ്രകാരം പല തീയതികളിലായി സ്വീകരിച്ചിട്ടുണ്ടെങ്കിലും തുകകൾ പഞ്ചായത്തിലേക്ക് തൊട്ടടുത്ത ദിവസങ്ങളിൽ അടവാക്കിയില്ല. രസീതുബുക്കുകൾ പ്രകാരം തുക പിരിച്ചതിന്റെയും ഒടുക്കിയതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | രസീത് ബുക്ക് | അടവാക്കിയ | രസീത് പ്രകാരം പിരിച്ച | പഞ്ചായത്ത് ഫണ്ടിൽ |
|---|---|---|---|---|

| നം. | നം. | തുക | ദിവസം | ഒടുക്കിയ തുക/രസീത് നം./ തീയതി |
|---|---|---|---|---|
| 1 | 8466 (33-100) | 3,300 | 6.12.18 മുതൽ 8.12.18 വരെ | 4,150/110010106426 /11.12.18 4,300/110010108402 /26.02.19 9,900/110010100347 /17.4.19 1,750/119010100825 /13.5.19 |
| 2 | 8467 (8-100) | 8,050 | 10.12.18 മുതൽ 11.03.19 വരെ | |
| 3 | 47174 (1-77) | 8,650 | 12.03.19 മുതൽ 20.04.19 വരെ | |
| | ആകെ | **20,000** | | |

പണം കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ലഭ്യമാക്കിയ മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥ പുതുതായി ജോലിയിൽ പ്രവേശിച്ചതിനാൽ പരിചയക്കുറവുണ്ടായിരുന്നുവെന്നും അറിവില്ലാത്തതിനാലുമാണ് ഇത്തരത്തിൽ സംഭവിച്ചതെന്ന് വ്യക്തമാക്കി. ഗുണഭോക്താക്കളിൽ നിന്നും രസീതുപ്രകാരം പിരിച്ച തുകകൾ കൈവശം സൂക്ഷിച്ചത് തെറ്റായ നടപടിയാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 83 പ്രകാരം പഞ്ചായത്തിൽ രസീത് ബുക്കുകൾ ലഭിച്ചാൽസ്റ്റോക്കിലെടുത്ത് പേജുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തി സെക്രട്ടറിയോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഒപ്പ് വെക്കേണ്ടതും രസീതുബുക്കുകളുടെ ക്രമനമ്പർ അടിസ്ഥാനത്തിൽ ഇഷ്യൂ ചെയ്യേണ്ടതാണെന്നും ഒഴിവാക്കാനാത്ത സാഹചര്യത്തില്ലാതെ രസീത് ബുക്ക് പൂർണ്ണമായും ഉപയോഗിച്ച് തീരുകയും കൗണ്ടർഫോയിൽ തിരികെ പഞ്ചായത്തിൽ ഏൽപ്പിക്കുകയും ചെയ്യാതെ പുതിയബുക്ക് നൽകാൻ പാടില്ലാത്തതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നിർവഹണ ഉദ്യോഗസ്ഥരുടെ കളക്ഷൻ രജിസ്റ്ററും രസീത് ബുക്കും ഒത്തു നോക്കി സാമ്പത്തിക വർഷാവസാനത്തിലും കൃത്യത ഉറപ്പുവരുത്താതെയാണ് പുതിയ രസീതുബുക്കുകൾ നൽകി വരുന്നതെന്നാണ് മനസിലാക്കാനാകുന്നത്. രസീതുബുക്കുകൾ ദുരുപയോഗം ചെയ്യാതിരിക്കുന്നതിനും പിരിച്ചെടുത്ത തുകകളുടെ അടവിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിനും പഞ്ചായത്തിൽ വ്യക്തമായ നിയന്ത്രണം ഉറപ്പാക്കേണ്ടതാണ്.

### 1-9 ഇ-ടെൻഡർ-ഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചിട്ടില്ല

2018-19 വർഷം ഗ്രാമപഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. ടി തുകകൾ അതാത് തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2018-19 വർഷം അയ്യനം ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ടി വർഷം 1,67,000 രൂപ ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നുണ്ട്

ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും എസ്.ബി.ഐ.യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. അയ്യനം ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും ടി അക്കൗണ്ടിലേക്ക് ടെൻഡർഫീസിനത്തിലുള്ള തുകകൾ ലഭ്യമായിട്ടില്ല. പ്രസ്തുത അക്കൗണ്ടിലേക്ക് ടെൻഡർ ഫീസിനത്തിലുള്ള തുകകൾ ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-10 വിവിധ വരവിനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമായില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം വിവിധ ഹെഡുകളിൽ വരവ് വന്നിട്ടുള്ള തുകകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | Sale of Usufructs of trees | 8,700 |

| | | |
|---|---|---|
| 2 | sale of scrap | 18,000 |
| 3 | sale of empties and waste materials | 22,199 |
| 4 | Hire charges of ambulance | 13,100 |

പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വന്ന മേൽ തുകകൾ സംബന്ധിച്ച വിശദാംശങ്ങളും ഫയലുകളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/11.2.2020)മറുപടി ലഭിച്ചില്ല. ടി തുകകളുമായി ബന്ധപ്പെട്ട ലേല രജിസ്റ്റർ, ഫയൽ, ആംബുലൻസ് ഉപയോഗത്തിലൂടെ ലഭ്യമാകുന്ന വരവുകൾ സംബന്ധിച്ച രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിലെ അപാകതകൾ

I. 2018-19 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിലെ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന് വ്യക്തമാകുന്നു. ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ഏതൊരാളും തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണ്. ടി ജീവനക്കാർ പഞ്ചായത്തിൽ 60 ദിവസത്തിനു മുകളിൽ ജോലി ചെയ്തിട്ടുള്ളവരാണെന്ന് രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടു. ടി ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് | തസ്തിക |
|---|---|---|
| 1 | ബിജി ചെറുകര | ഫുൾ ടൈം സ്വീപ്പർ |
| 2 | രജിത വി.എസ്. | ടെക്നിക്കൽ അസിസ്റ്റന്റ് (രണ്ടാം അർദ്ധവർഷം) |
| 3 | മഞ്ജു കെ.എൻ. | ക്ലർക്ക് |
| 4 | വിദ്യ വി.നായർ | ഡേറ്റാ എൻട്രി ഓപ്പറേറ്റർ |
| 5 | വിഷ്ണുപ്രിയ വേണു | പ്ലാൻ അസിസ്റ്റന്റ് |
| 6 | എ.വി.കുഞ്ഞുപണിക്കർ | ഫുൾ ടൈം സ്വീപ്പർ |
| 7 | രഞ്ജിത് കുമാർ | ഡ്രൈവർ |
| 8 | പി.ഡി.സുരേന്ദ്രൻ | ഇലക്ട്രീഷൻ |
| 9 | ഷാജി പി.എം. | ഗ്രാസ് കട്ടർ സ്റ്റാഫ് |
| 10 | ജിതിമോൾ സജീവ് | പ്രോജക്ട് അസിസ്റ്റന്റ് |
| 11 | വിശ്വനാഥൻ നായർ പി.പി. | ഓഫീസ് അറ്റൻഡന്റ് |

II. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി രേഖപ്പെടുത്തലുകളില്ല.

1) ഗവ. ആയുർവേദ ഡിസ്പെൻസറി, കരീമഠം (രണ്ട് അർദ്ധവർഷങ്ങൾ)

2) ജലനിധി പ്രോജക്ട് കമ്മീഷണർ ഓഫീസ് (രണ്ട് അർദ്ധവർഷങ്ങൾ)

3) പോസ്റ്റ് ഓഫീസ്, പരിപ്പ് (രണ്ടാം അർദ്ധവർഷം)

4) സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കുടമാളൂർ (രണ്ടാം അർദ്ധവർഷം)

5) അക്ഷയ ഗോൾഡ് ലോൺ (രണ്ടാം അർദ്ധവർഷം)

6) യൂണിപവർ സിസ്റ്റം, അയ്മനം (രണ്ടാം അർദ്ധവർഷം)

7) റിലയൻസ് എസ്.എം.എസ്.എൽ. ലിമിറ്റഡ്

8) നീതി സ്റ്റോർ, അയ്മനം

9) കുടമാളൂർ ക്ഷീര വ്യവസായ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്

10) വല്യാട് ക്ഷീരോൽപ്പാദക സഹകരണ സംഘം

III. പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ ഒരു അർദ്ധവർഷത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ പ്രവർത്തിക്കുന്ന ധാരാളം സ്ഥാപനങ്ങളുള്ളതായി പരിശോധനകളിൽ ബോധ്യപ്പെട്ടു. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരൊന്നും തൊഴിൽ നികുതി അടവാക്കുന്നില്ലായെന്ന് തൊഴിൽ നികുതി, ലൈസൻസ് രജിസ്റ്ററുകളുടെ പരിശോധനയിൽ വ്യക്തമായി. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെയും ഉടമയുടെയും പേര് | സ്ഥാപനത്തിന്റെ ഉപയോഗത്തിന്റെ തരം | ലൈസൻസ് രജിസ്റ്റർ പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | തരകൻ ആന്റ് കമ്പനി,<br>ജോൺ പി.ജോൺ | സ്പൈസസ്, കൊക്കോ ഉൽപ്പന്നങ്ങൾ നിർമ്മാണം, വിൽപ്പന | 4 |
| 2 | ജി.ഇ. പോളിമേഴ്സ്,<br>ജോബി കെ.ജോർജ് | ചെരുപ്പ് തയ്യൽ യൂണിറ്റ് | 19 |
| 3 | സെഞ്ച്വറി റോളിംഗ് ഷട്ടേഴ്സ്,<br>ജ്യോതി ഹർഷകുമാർ | റോളിംഗ് ഷട്ടേഴ്സ്, അസംബ്ലിംഗ്, വിൽപ്പന | 8 |
| 4 | തരകൻ എന്റർപ്രൈസസ്,<br>ജോൺ പി.ജോൺ | സ്പൈസസ്, കൊക്കോ ഉൽപ്പന്നങ്ങൾ നിർമാണം, വിൽപ്പന | 4 |
| 5 | അഗ്രോ കൊക്കോ ഇൻഡസ്ട്രീസ്,<br>ജോൺ പി.ജോൺ | സ്പൈസസ്, കൊക്കോ ഉൽപ്പന്നങ്ങൾ നിർമാണം, വിൽപ്പന | 4 |
| 6 | സികെവി ചുങ്കത്ത് മ്യാലിൽ ഹോളോ ബ്രിക്സ്, രാഗേഷ് കുമാർ | ഹോളോ ബ്രിക്സ് നിർമാണം | 4 |
| 7 | ചുങ്കത്ത് മ്യാലിൽ ഹോളോ ബ്രിക്സ്, സി.എൻ.പവിത്രൻ | ഹോളോബ്രിക്സ് നിർമാണം | 3 |
| 8 | കരിമാലിൽ ബ്രിക്സ്, ടി.വി.ചന്ദ്രൻ | ഹോളോബ്രിക്സ് നിർമാണം | 3 |
| 9 | ബെസ്റ്റോൺ എന്റർപ്രൈസസ്, | റബർ ചെരുപ്പ് നിർമാണം | 9 |

| | | | |
|---|---|---|---|
| | ജോർജ് ചെറിയാൻ | | |
| 10 | ജെ.ജെ.റബ്ബേഴ്സ്,<br>മാത്യു എം. തോമസ് | ഹവായ് ചെരുപ്പ് നിർമാണം | 7 |
| 11 | ബെസ്റ്റ് വുഡ് ഇൻഡസ്ട്രീസ്,<br>ശോശമ്മ ജോർജ് | സോമിൽ | 8 |
| 12 | ദീപ ഇൻഡസ്ട്രീസ്,<br>ടി.കെ.സുരേന്ദ്രൻ | കയർ മാറ്റ് നിർമാണം | 5 |
| 13 | സ്കൂൾ മാസ്റ്റർ, ഹിഷാദ് മൂസ ജാസ് | അച്ചടി വ്യവസായം | 9 |
| 14 | ജൂബിലി റബ്ബേഴ്സ്,<br>ജെസി പി.ചെറിയാൻ | ഹവായി ചെരുപ്പ് നിർമാണം | 9 |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. പഞ്ചായത്തിന്റെ തനതു വരുമാന മാർഗങ്ങളിൽ പ്രധാനമായ തൊഴിൽനികുതി കൃത്യമായി പിരിച്ചെടുക്കാനാകുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 സ്ഥാപന തൊഴിൽ നികുതി അടവാക്കാത്തത്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിലുള്ള സ്ഥാപന തൊഴിൽ നികുതി സംബന്ധിച്ച് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ തൻവർഷം സ്ഥാപന തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | അക്ഷയ ഗോൾഡ്, കുടയംപടി | രണ്ടാം അർദ്ധവർഷം |
| 2 | സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കുടമാളൂർ | രണ്ടാം അർദ്ധവർഷം |
| 3 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 4 | റിലയൻസ് എസ്.എം.എസ്.എൽ. | രണ്ടാം അർദ്ധവർഷം |
| 5 | നീതി സ്റ്റോർ | രണ്ട് അർദ്ധവർഷവും |
| 6 | ബി.എസ്.എൻ.എൽ. | രണ്ട് അർദ്ധവർഷവും |
| 7 | ടിഎസ് നം.58-കുടയംപടി | രണ്ട് അർദ്ധവർഷവും |
| 8 | ടിഎസ് നം.40-ആല്യംചുവട് | രണ്ട് അർദ്ധവർഷവും |
| 9 | ടിഎസ് നം.54-പരിപ്പ് നോർത്ത് | രണ്ട് അർദ്ധവർഷവും |
| 10 | ടിഎസ് നം.53 | രണ്ട് അർദ്ധവർഷവും |
| 11 | ടിഎസ് നം.55-അലക്കുകടവ് | രണ്ട് അർദ്ധവർഷവും |

| | | |
|---|---|---|
| 12 | കുടമാളൂർ ക്ഷീര വ്യവസായ സഹകരണ സംഘം | രണ്ട് അർദ്ധവർഷവും |
| 13 | വല്യാട് ക്ഷീരോദ്പാദക സഹകരണ സംഘം | രണ്ട് അർദ്ധവർഷവും |

പഞ്ചായത്ത് പരിധിയിൽ അനവധി സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കാതെ പ്രവർത്തിക്കുന്നുണ്ടെന്നാണ് വ്യക്തമാകുന്നത്. ഇപ്രകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-13 ലൈസൻസ് സംബന്ധിച്ച അപാകതകൾ

I. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും കുത്തകാവകാശം വാടകയ്ക്ക് ഏറ്റെടുത്തിട്ടുള്ളതുമായ താഴെ കൊടുത്തിട്ടുള്ള സ്ഥാപനയുടമകൾ പഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് എടുക്കാതെയാണ് സ്ഥാപനങ്ങൾ നടത്തി വരുന്നതെന്ന് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വ്യക്തമായി. ആകെ വാടകയ്ക്ക് കൊടുത്ത മുറികളിൽ 2 മുറികളുടെ കുത്തകക്കാർ മാത്രമാണ് ലൈസൻസെടുത്തതായി കാണുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ പേര് | കെട്ടിട നം. |
|---|---|---|
| 1 | സുമിത കെ.എസ്., സരളഭവൻ | 13/369 |
| 2 | ദീനാമ്മ മാത്യു, കറുകപ്പുറത്ത് | 13/370 |
| 3 | ശോഭന കെ.ആർ., പാലത്താറ്റിൽ | 13/371 |
| 4 | ഉഷ പ്രകാശൻ, കിഴക്കേച്ചിറ | 13/372 |
| 5 | ത്ര്യേസ്യാമ്മ തോമസ്, പടിഞ്ഞാറേപറമ്പിൽ | 13/373 |
| 6 | പ്രസിഡന്റ്, ക്രിസ്ത്യൻ സ്വയം സഹായ സംഘം | 4/399 |
| 7 | ബിനോയ് ജേക്കബ്, വലിയപറമ്പിൽ | 4/400 |
| 8 | ബിനോയ് ജേക്കബ്, വലിയപറമ്പിൽ | 4/401 |
| 9 | കുഞ്ഞുമോൻ, കഞ്ഞിപ്പടവിൽ | 4/402 |
| 10 | റെജിമോൾ, കഞ്ഞിപ്പടവിൽ | 4/403 |
| 11 | പ്രസിഡന്റ്, ക്രിസ്ത്യൻ സ്വയം സഹായ സംഘം | 4/404 |

പഞ്ചായത്ത് വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പോലും ലൈസൻസ് സമ്പാദിച്ചിട്ടില്ലായെന്നത് ഗൗരവസ്വഭാവമുള്ള വീഴ്ചയാണ്.

II. വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടങ്ങൾ പ്രകാരം പാൽ-പാൽ ഉൽപ്പന്നങ്ങൾ സംഭരണം വിൽപ്പന നടത്തുന്നതിന് സെക്രട്ടറിയുടെ മുൻകൂർ ലൈസൻസ് ആവശ്യമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിട്ടുള്ള ക്ഷീരോദ്പാദക സംഘങ്ങൾ ലൈസൻസെടുത്തിട്ടില്ലെന്നു കാണുന്നു.

1) കുടമാളൂർ ക്ഷീര വ്യവസായ കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്.

2) വല്യാട് ക്ഷീരോദ്പാദക സഹകരണ സംഘം.

III. വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടങ്ങൾ പ്രകാരം അബ്കാരി ഷാപ്പുകൾ-സംഭരണവും വിൽപ്പനയും നടത്തുന്നതിന് സെക്രട്ടറിയിൽ നിന്ന് മുൻകൂർ ലൈസൻസ് എടുക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന

താഴെ കൊടുത്തിട്ടുള്ള കള്ള് ഷാപ്പുകൾ ലൈസൻസെടുത്തിട്ടില്ല.

1) T.S.No.58- കടയംപടി

2) T.S.No.40-ആല്യംചുവട്

3) T.S.No.54-പരിപ്പ് നോർത്ത്

4) T.S.No.53

5) T.S.No.55-അലക്കുകടവ്

IV. വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടങ്ങൾ പ്രകാരം ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസങ്ങൾക്കുള്ളിൽ ലൈസൻസ് പുതുക്കുന്നതിനായി അപേക്ഷിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചത് അനുസരിച്ച് വളരെയേറെ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നത് താമസിച്ചാണെന്ന് കാണുന്നു. നൂറിലേറെ സ്ഥാപനങ്ങൾ ലൈസൻസെടുത്തിട്ടുള്ളത് 5/18-12/18 കാലയളവിലാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ ഇത്തരത്തിൽ ധാരാളം സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കാനിടയാകുന്നുണ്ടെന്നാണ് വ്യക്തമാകുന്നത്. പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും നിയമാനുസൃത ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

### 1-14 പ്രത്യേക ആവശ്യത്തിന് ലഭിച്ച തുകകൾ വിനിയോഗിച്ചിട്ടില്ല

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ ചെലഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നുണ്ട്. ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ ടി തുകകളുടെ നീക്കിയിരിപ്പ് താഴെ വിവരിക്കും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക |
|---|---|---|---|
| 1 | 320100115 | കേന്ദ്രാവിഷ്കൃത പദ്ധതി - സമ്പൂർണ്ണ ശുചിത്വയജ്ഞം | 32,20,053 |
| 2 | 320100121 | കേന്ദ്രാവിഷ്കൃത പദ്ധതി-ഐ.സി.ഡി.എസ്. | 4,02,653 |
| 3 | 320100116 | സർവ്വ ശിക്ഷ അഭയാൻ | 1,89,672 |
| 4 | 320100126 | പൈക്ക | 64,220 |
| 5 | 320100299 | കേന്ദ്ര സർക്കാരിൽ നിന്നുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 12,10,682 |
| 6 | 320200302 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 82,000 |
| 7 | 320200309 | ലിറ്ററസി സ്കീം ഗ്രാന്റ് | 10,686 |
| 8 | 320200310 | വരൾച്ച ദുരിതാശ്വാസ ഗ്രാന്റ് | 51,300 |
| 9 | 320200311 | പ്രളയദുരിതാശ്വാസ ഗ്രാന്റ് | 3,00,131 |
| 10 | 320200322 | ശുചിത്വ മിഷൻ ഗ്രാന്റ് | 44,550 |
| 11 | 320300102 | ജലനിധി | 96,71,491 |

| | | | |
|---|---|---|---|
| 12 | 320300199 | ഇതര സർക്കാർ ഏജൻസിയിൽ നിന്നുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 46,964 |
| 13 | 320700204 | സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം-ബ്ലോക്ക് പഞ്ചായത്ത് | 55,414 |
| 14 | 320700205 | സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം-ജില്ലാ പഞ്ചായത്ത് | 93,35,741 |
| 15 | 320700405 | സ്പെസിഫിക്ക് പർപ്പസ് പ്രോജക്ടുകൾക്കുള്ള വിഹിതം-ജില്ലാ പഞ്ചായത്ത് | 10,00,000 |

മേൽ തുകകൾ ലഭിച്ച വർഷം, ഏത് ആവശ്യത്തിന്, തുക ചെലവഴിക്കാത്തതിന്റെ കാരണം തുടങ്ങിയവ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(23/10.2.2020) മറുപടി ലഭ്യമാക്കിയില്ല. മറ്റ് സ്രോതസ്സുകളിൽ നിന്നും ഫണ്ടിംഗ് ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ നിർദ്ദിഷ്ട ആവശ്യത്തിനായി വിനിയോഗിക്കാൻ കഴിയാത്തത് ഭരണപരമായ കാര്യക്ഷമതയില്ലായ്മ മൂലമാണ്. തുകകൾ നിർദ്ദിഷ്ട ആവശ്യത്തിനായി വിനിയോഗിച്ച് ബാദ്ധ്യതാകണക്കിൽ നിന്നും മാറ്റേണ്ടതാണ്. തുകകൾ ചെലവഴിക്കാത്ത പക്ഷം അതാത് ഏജൻസികളിലേക്ക് തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ്.

<u>സംയുക്ത പ്രോജക്ടുകൾക്കുള്ള തുകകൾ ചെലവഴിച്ചിട്ടില്ല</u>

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയിൽ 93,91,148/- രൂപ ചെലവഴിക്കാതെ പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് സർക്കാർ ഉത്തരവ് നം.7/2017/ഫിൻ 27.1.2017ന്റെ ലംഘനമാണ്. പ്രസ്തുത ഉത്തരവ് ഖ.VI പ്രകാരം നിർവ്വഹണത്തിന് ചുമതലപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ടി അക്കൗണ്ടിലെ തുക ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുത്തേണ്ടതും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതു കൂടാതെ 2016-17 വർഷം ജില്ലാപഞ്ചായത്തിൽ നിന്ന് ലഭിച്ച 10,00,000 രൂപ ചെലവഴിക്കാതെ തനത്ഫണ്ടിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച തുക ചെലവഴിക്കാതെ പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിക്കുന്ന നടപടി ശരിയല്ല. തുക ചെലവഴിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

## 1-15 തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുള്ള താൽക്കാലിക മുൻകൂറുകൾ-തിരികെ ഈടാക്കുന്നതിൽ/ക്രമീകരിക്കുന്നതിൽ വീഴ്ച

**1) <u>ജലനിധി- പ്രോജക്ടുകൾക്കായി തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക തിരികെ ലഭ്യമാക്കിയിട്ടില്ല</u>**

ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിൽ ശുദ്ധജലം എത്തിക്കുന്നതിന്റെ ഭാഗമായി ജലനിധി റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിരുന്നു. ടി പൈപ്പ്ലൈൻ സ്ഥാപിച്ച റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് താഴെപറയും പ്രകാരം പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ട് | ചെലവഴിച്ച തുക |
|---|---|
| 268/19, ജലനിധി റോഡ് കോൺക്രീറ്റ് സോൺ 1 | 10,80,421 |
| 286/19, ജലനിധി ടാറിങ്ങ് സോൺ 1 | 14,85,000 |
| 292/19 ജലനിധി ടാറിങ്ങ് സോൺ 2 | 14,58,560 |
| 302/19 ജലനിധി റോഡ് കോൺക്രീറ്റ് സോൺ 3 | 12,18,929 |
| **ആകെ** | **52,42,910** |

ടി പ്രോജക്ടുകൾക്ക് തുക ചെലവഴിച്ചിരിക്കുന്നത് തനത് ഫണ്ടിൽ നിന്നാണ്(ജലനിധി പ്രോജക്ടുകൾക്കുള്ള തനതുഫണ്ട് വിഹിതത്തിന് പുറമെ). ഇതിൽ 39,34,053 രൂപ ജലനിധിയിൽ നിന്നും മുൻകൂറായി പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 13,08,857/- രൂപ ജലനിധിയിൽ നിന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**2) <u>ദേശീയഗ്രാമീണ തൊഴിലുറപ്പുപദ്ധതി - ശമ്പളമിനത്തിൽ തനതുഫണ്ടിൽനിന്നും നൽകിയ തുക തിരികെ ലഭിച്ചിട്ടില്ല</u>**

തൊഴിലുറപ്പുപദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ വേതനമിനത്തിൽ തനതുഫണ്ടിൽ നിന്നും നൽകിയ തുക പൂർണ്ണമായും തിരികെ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1.4.18-ൽ ക്രമീകരിക്കാനവശേഷിച്ചിരുന്ന തുക | 1,14,000 |
| വേതനമിനത്തിൽ തൻവർഷം നൽകിയ ആകെ തുക | 9,24,000 |
| സറണ്ടർ ഇനത്തിൽ നൽകിയ തുക | 37,000 |
| **ആകെ** | **10,75,000** |
| തൻവർഷം റീക്കൂപ്പുചെയ്ത തുക | 4,99,000 |
| ക്രമീകരിക്കാൻ അവശേഷിക്കുന്നത് | 5,76,000 |

എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയുടെ ഭരണച്ചെലവുകൾക്കായി ഗ്രാമപഞ്ചായത്തിന്റ തനതുഫണ്ടിൽനിന്നും ചെലവഴിച്ചതും നാളിതുവരെ ക്രമീകരിച്ചിട്ടില്ലാത്തതുമായ തുക എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിഫണ്ടിൽ നിന്നും തനതുഫണ്ടിലേക്ക് ക്രമീകരിക്കേണ്ടതാണ്.

## 1-16 സർക്കാരിലേക്ക് അടയ്ക്കാനുള്ള തുകകൾ അടവാക്കിയിട്ടില്ല

വാർഷികകണക്ക് B9 ഷെഡ്യൂളിൽ താഴെപറയുന്ന ശീർഷകത്തിൽ തുകകൾ ബാദ്ധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| 350300101 | സർക്കാർ ഡ്യൂസ് - വാറ്റ് | 27,600 |
| 350300103 | സർക്കാർ ഡ്യൂസ് റവന്യൂ റിക്കവറി | 53 |
| 350300107 | സർക്കാർ ഡ്യൂസ് -റിവർ മാനേജ്മെന്റ് ഫണ്ട് | 700 |
| 350300199 | സർക്കാർ ഡ്യൂസ് -മറ്റിനങ്ങൾ | 69,426 |

ടി തുകകൾ എന്ന് മുതലാണ് ഡ്യൂ ആയതെന്നും ഇത് സർക്കാരിലേക്ക് അടവാക്കാത്തതിനും വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(39/12.2.2020) തുക അടവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. സർക്കാർ ഗ്രാന്റ് അതാത് ശീർഷകത്തിലേക്ക് അടയ്ക്കേണ്ടതും പഞ്ചായത്തിന്റെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.

## 1-17 നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങൽ ഇടപാട് നടത്തി

വൗച്ചർ നമ്പർ 21800400/02.07.18 പ്രകാരം 43,810/- രൂപ ചെലവഴിച്ച് എൻ.എൻ.പിള്ള സ്മാരക ഹാളിലേയ്ക്ക് പാത്രങ്ങൾ ഷാ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി. ക്വട്ടേഷനുകൾ ഫയലിൽ ലഭ്യമല്ല എന്ന് സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33/11.02.2020) ലഭിച്ച മറുപടിയിൽ ആവശ്യമായ പാത്രങ്ങൾ നേരിട്ട് പോയി സെലക്ട് ചെയ്ത് വാങ്ങുകയായിരുന്നുവെന്നും കോട്ടയം നഗരത്തിലെ ഏറ്റവും വിലക്കുറവിൽ ഗുണമേന്മയോടെ ലഭിക്കുന്ന കട ആയതിനാലാണ് ടി സ്ഥാപനത്തിൽ നിന്നും ക്വട്ടേഷനുകൾ ഇല്ലാതെ വാങ്ങിയത് എന്നുമാണ് സെക്രട്ടറി മറുപടി നല്കിയത്. ക്വട്ടേഷൻ ക്ഷണിക്കാതെയും നടപടിക്രമങ്ങൾ പാലിക്കാതെയുമുള്ള വാങ്ങൽ നടത്തിയത് ക്രമപ്രകാരമല്ല. ആയതിനാൽ ചെലവ് തുക (43,810/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത്തരം നടപടികൾ ആവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-18 ഒഴിവ് ഇല്ലാത്ത തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം - സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നില്ല

പഞ്ചായത്ത് ഓഫീസിൽ 2018-19 വർഷം ക്ലാർക്ക്, സീനിയർ ക്ലാർക്ക് തസ്തികകളിൽ ഒഴിവ് ഉണ്ടായിരുന്നില്ല. എന്നാൽ, 2018-19 വർഷം എല്ലാ മാസങ്ങളിലും ക്ലാർക്ക്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിൽ

ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തി തുക ചെലവഴിച്ചു. ഇപ്രകാരം നിയമനം നടത്തുന്നത് ദിവസ വേതനാടിസ്ഥാനത്തിൽ /കരാർ അടിസ്ഥാനത്തിലുള്ള നിയമനം സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്. ധനകാര്യ (വ്യയം -സി) വകുപ്പിൽ നിന്നുള്ള 11.1.19 ലെ 3/2019/ധന നമ്പർ സർക്കുലർ പ്രകാരം സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തേണ്ട സാഹചര്യം വരികയാണെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി മാത്രമേ നിയമനം നടത്താവൂ എന്നും തുടർച്ചയായി 179 ദിവസത്തേക്ക് മാത്രമേ നിയമനം നടത്താവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്കു വിധേയമായി ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം നടത്തേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(35/12.2.20) വിശദമായ മറുപടിയാണ് സെക്രട്ടറി ലഭ്യമാക്കിയത്. ഇൻഡ്യൻ ഭരണഘടനയുടെ 73-ാം ഭേദഗതി പ്രകാരം പ്രാദേശിക സർക്കാരുകളായി ഉയർത്തപ്പെട്ടതിനാൽ ഇപ്രകാരമുള്ള നിയമനം നടത്താൻ പഞ്ചായത്തിന് പരിപൂർണ്ണമായ അധികാരമുണ്ടെന്നും അനിവാര്യ ചുമതലകളുടെ നിർവ്വഹണത്തിനായാണ് നിയമനം നടത്തിയതെന്നും സെക്രട്ടറി മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്(ഒരു സെക്ഷൻ ക്ലർക്കിന് പേന പിടിച്ച് എഴുതാൻ പോലും സാധിക്കാത്തയാളാണെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്). കൂടാതെ ഇപ്രകാരമുള്ള നിയമനങ്ങൾ മൂലം ചെലവിനെ അപേക്ഷിച്ച് പഞ്ചായത്തിന് പത്തിരട്ടി വരുമാനം ലഭിച്ചതായും നിരവധി പുരസ്കാരങ്ങൾ ലഭിച്ചതായും മാതൃകാ ഓഫീസായി പ്രവർത്തിച്ച് വരുന്നതായും വിശദീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് സർക്കാരിന്റെ നിയന്ത്രണാധികാരങ്ങൾക്ക് വിധേയമായ സ്വയംഭരണാവകാശം മാത്രമാണുള്ളത്(കേരളാ പഞ്ചായത്ത് രാജ് നിയമം അദ്ധ്യായം XVIII വകുപ്പ് 188 മുതൽ 194 വരെ കാണുക). ഇത് പ്രകാരം ജീവനക്കാരുടെ നിയമനവും നിയമന വ്യവസ്ഥകളും സർക്കാരിന്റെ നിയന്ത്രണാധികാരത്തിൽ ഉൾപ്പെട്ടതാണ്. ഗ്രാമപഞ്ചായത്ത് കൈവരിച്ച നേട്ടം, സേവനങ്ങൾ പ്രദാനം ചെയ്യുന്നതിലെ ഗുണപരത എന്നിവ പരാമർശിക്കപ്പെടേണ്ടതാണെങ്കിലും സർക്കാർ ഉത്തരവ് ചൂണ്ടിക്കാട്ടി ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഓഡിറ്റ് നിരീക്ഷണം "വെറും യാന്ത്രികമാണ്" എന്ന വിശദീകരണത്തോടെ മറുപടി നൽകിയ സെക്രട്ടറിയുടെ നടപടി ഒട്ടും തന്നെ ആശാസ്യമല്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-19 മഴക്കാലപൂർവ്വ ശുചീകരണത്തിനുള്ള ചെലവുകൾ - ഉത്തരവ് പാലിക്കപ്പെടുന്നില്ല

മഴക്കാല പൂർവ്വശുചീകരണത്തിന്റെ ഭാഗമായി തൻവർഷം ആകെ 3,00,000 രൂപ വിവിധ വാർഡുകളിലെ പ്രവർത്തനത്തിനായി വാർഡ് മെമ്പർ ചെയർമാനും ജെ.പി.എച്ച്.എൻ. കൺവീനറുമായ അക്കൗണ്ടുകളിലേക്ക് മാറ്റി നൽകിയിട്ടുണ്ട്. (ഓരോ വാർഡിനും ശുചിത്വമിഷൻവിഹിതം 10,000/-, തനതുഫണ്ട് 5,000/- രൂപ വീതം) ഭൂരിഭാഗം വാർഡുകളിലും ടി തുക ഉപയോഗിച്ച് വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ മടമക്ക്, മണ്ണ് തുടങ്ങിയവ ഇട്ട് ഉയർത്തുക എന്ന പ്രവൃത്തിയാണ് നിർവ്വഹിച്ചിട്ടുള്ളത് എന്ന് സമിതികൾ ഹാജരാക്കിയ ചെലവ് രേഖകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു.

പകർച്ചവ്യാധി പ്രതിരോധയജ്ഞത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സ്വീകരിക്കേണ്ട പ്രവർത്തനങ്ങൾ 22.01.2018ലെ 17/DC1/2018 തസ്വഭവ, 28.04.2018ലെ 233/DC1/2018 എന്നീ സർക്കുലറുകളിലൂടെ വ്യക്തമാക്കിയിട്ടുള്ളതാണ്.

ഈ ഉത്തരവുകൾ പ്രകാരം ഓരോ വാർഡിലും ഇതിന്റ ഭാഗമായി വാർഡുതല ശുചിത്വകമ്മറ്റി രൂപീകരിച്ച് യോഗം ചേരേണ്ടതും ശുചിത്വ സ്ക്വാഡുകൾ രൂപീകരിച്ച് മാപ്പിംഗും വാർഡുതല കർമ്മപരിപാടികളും ആസൂത്രണം ചെയ്യേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും വാർഡുതല ആരോഗ്യ ശുചിത്വകമ്മറ്റി രൂപീകരിച്ചതൊഴികെ പ്രവർത്തനരേഖ തയ്യാറാക്കി അംഗീകാരം വാങ്ങുകയോ ആയതിന്റെ അടിസ്ഥാനത്തിൽ ശുചിത്വ സ്ക്വാഡുകൾ പ്രവർത്തനം നടത്തുകയോ ചെയ്തിട്ടില്ല. കൂടാതെ സർക്കാർ ഉത്തരവ് പ്രകാരം വാർഡുതലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ ഓരോ ആഴ്ചയിലും വാർഡുതല ശുചിത്വകമ്മറ്റി അവലോകനം ചെയ്ത് പ്രവർത്തനങ്ങൾ വിലയിരുത്തിയതിന്റെയും രണ്ടാഴ്ചയിലൊരിക്കൽ പഞ്ചായത്തുതലത്തിൽ അവലോകനസമിതിയുടെ യോഗം ചേർന്നതിന്റെയും വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമായില്ല. മേൽ അപാകങ്ങൾ നിലനിൽക്കുന്നതിനാൽ തുക ചെലവഴിച്ചുവെന്നതിൽ കവിഞ്ഞു മഴക്കാലപൂർവ്വശുചീകരണം എത്രമാത്രം ഫലപ്രദമായി നടപ്പിലാക്കി എന്ന് വ്യക്തമല്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പ്രവർത്തനം നടത്താൻ തുടർവർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതും നടപ്പിലാക്കിയ മഴക്കാലപൂർവ്വ ശുചീകരണ പ്രവ്യത്തനങ്ങളുടെ വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-20 ജില്ലാനിർമ്മിതികേന്ദ്രം മുഖേനയുള്ള നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച്

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളായ കൃഷി ഭവൻ കെട്ടിടനിർമാണം(191/19), കുടുംബശ്രീ കാന്റീൻ(194/19), പഞ്ചായത്തോഫീസ് 2-ാം നില പൂർത്തീകരണം(193/19), പഞ്ചായത്തോഫീസിലേക്ക് വിവിധ ബോർഡുകൾ(188/19), പഞ്ചായത്തോഫീസ് 2-ാം നിലയിലെ ചൂട് കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾ (199/19), കമ്യൂണിറ്റിഹാൾ മെയിന്റനൻസ്(189/19), പഞ്ചായത്തോഫീസ് ട്രസ് വർക്ക്(195/19)തുടങ്ങിയ നിർമ്മാണവേലകളും,

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ 247/19 നം.സ്മാർട്ട് ക്ലാസ്സ് റൂം എന്ന പ്രോജക്റ്റും കോട്ടയം ജില്ലാ നിർമ്മിതികേന്ദ്രമാണ് ചെയ്തിട്ടുള്ളത്. സിവിൽ പ്രവൃത്തികൾക്കൊപ്പം ഇലക്ട്രിഫിക്കേഷൻ, കമ്പ്യൂട്ടർ, പ്രൊജക്ടർ തുടങ്ങിയ ഇനങ്ങൾ വാങ്ങി സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളും ഇവയിൽ ഉൾപ്പെട്ടിട്ടുണ്ട്.

ധനകാര്യവകുപ്പിന്റെ 25/7/2017 ലെ ജി.ഒ(പി) 95/2017 ഉത്തരവ് പ്രകാരം പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റ് എന്ന നിലയിലല്ലാതെ ചെലവ് കുറഞ്ഞ നിർമ്മാണ പ്രവൃത്തികൾ, തനത് പ്രവൃത്തികൾ തുടങ്ങിയവ നേരിട്ട് നിർമ്മാണം നടത്താനാണ് ജില്ലാനിർമ്മിതികേന്ദ്രത്തെ അനുവദിച്ചിട്ടുള്ളത്(ഉത്തരവിന്റെ അനുബന്ധം, ക്രമ നം.22).

എന്നാൽ ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയാറാക്കിയിട്ടുള്ളത് DSR നിരക്കിലും, കൂടാതെ മാർക്കറ്റ് നിരക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയും ഉൾപ്പെടുത്തിയാണ്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിനാണ് 8% മാനേജ്മെന്റ് ചാർജ്ജും നല്കുന്നത്. DSR നിരക്കിലുള്ള എസ്റ്റിമേറ്റിനൊപ്പം ഇലക്ട്രിഫിക്കേഷൻ, ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്ന പ്രവൃത്തികൾ എന്നിവയ്ക്കെല്ലാം മാനേജ്മെന്റ് ചാർജ് അനുവദിക്കുന്നുമുണ്ട്.

ചെലവുകുറഞ്ഞ തനത് നിർമ്മിതിക്ക് മാത്രമാണ് ടി സ്ഥാപനത്തെ പ്രവൃത്തി ഏല്പിക്കാവൂ എന്ന മേൽ സൂചിത സർക്കാർ ഉത്തരവിൽ നിന്ന് വ്യതിചലിച്ച് ഇലക്ട്രിഫിക്കേഷൻ, ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളെല്ലാം ഉൾപ്പടുന്ന പ്രോജക്റ്റുകൾ തയാറാക്കി ജില്ലാ നിർമ്മിതികേന്ദ്രത്തെ ഏല്പിച്ചതുമൂലം ടെണ്ടർ നടപടിയിലൂടെ ലഭിക്കേണ്ടിയിരുന്ന നിർമ്മാണച്ചെലവിലെ മെച്ചം സ്ഥാപനത്തിന് ലഭിച്ചില്ലായെന്ന് കാണുന്നു.
സ്പിൽ ഓവറായി തുടർന്നുവന്ന ടി പ്രവൃത്തികൾക്കെല്ലാമായി തൻ വർഷം 27,92,950/- രൂപ ജില്ലാ നിർമ്മിതികേന്ദ്രത്തിന് നല്കിയിട്ടുണ്ട്.
സർക്കാർ ഉത്തരവ് പ്രകാരമനുവദിക്കാത്ത പ്രവൃത്തികൾ നിർമിതി കേന്ദ്രത്തെ ഏല്പിച്ചതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (17/10.2.2020)സെക്രട്ടറി ലഭ്യമാക്കിയ മറുപടി സർക്കാർ ഉത്തരവിലെ പ്രിന്റിംഗ് പിശകുമൂലമാകാം മറ്റ് ജില്ലാ നിർമ്മിതികേന്ദ്രങ്ങൾക്ക് അനുവദനീയമായ പ്രവൃത്തി കോട്ടയം ജില്ലാകേന്ദ്രത്തിന് ഒഴിവാകാൻ കാരണമെന്നാണ്. ഗ്രാമപഞ്ചായത്തിൽ സ്വന്തമായി എഞ്ചിനീയറിംഗ് ഉണ്ടായിരിക്കെ ഇത്രയധികം പ്രവൃത്തികളുടെ നിർവ്വഹണച്ചുമതല പുറം ഏജൻസികൾക്ക് നൽകുന്ന സാഹചര്യം വ്യക്തമല്ല. മേൽ അപാകങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-21 കായികക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്-ആവശ്യത്തിലധികം വാങ്ങിയത്

വികസനഫണ്ടിൽ നിന്ന് 50,000 രൂപ വകയിരുത്തി, ഹെഡ്മാസ്റ്റർ നിർവ്വഹിച്ച പ്രോജക്റ്റ് പ്രകാരം റോയൽ സ്റ്റോഴ്സ്, സി.എം.എസ് കോളേജ് റോഡ് കോട്ടയം എന്ന സ്ഥാപനത്തിൽ നിന്ന്(23.3.2019 ലെ ഇൻവോയ്സ് 8123 പ്രകാരം) ഫുട്ബോൾ, ക്രിക്കറ്റ് ബാറ്റ്, കാരംബോർഡ് &കോയിൻ, ഷട്ടിൽ നെറ്റ് എന്നിവ 10 എണ്ണം വീതവും, ഷട്ടിൽബാറ്റ് 20 എണ്ണവും വാങ്ങിയിട്ടുണ്ട്. ബിൽ നം.13/26.3.19 പ്രകാരം 40,000/- രൂപ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നല്കി(വികസനഫണ്ട്). എന്നാൽ രേഖകൾ പരിശോധിച്ചതിൽ ഫുട്ബോൾ, ക്രിക്കറ്റ്ബാറ്റ്, കാരംബോർഡ്, നെറ്റ് എന്നിവ ഒന്ന് വീതവും ഷട്ടിൽബാറ്റ് 2 എണ്ണവും വിതരണം ചെയ്തിട്ടില്ലയെന്ന് കാണുന്നു. മാത്രമല്ല സ്പോർട്സ് കിറ്റ് വിതരണത്തിന് 9 സ്ഥാപനങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്നാണ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥന് നല്കിയ ഗുണഭോക്തൃലിസ്റ്റിൽ നിന്ന് വ്യക്തമാകുന്നത്. ആവശ്യത്തിലധികം ഉപകരണങ്ങൾ വാങ്ങിയ സാഹചര്യം വ്യക്തമല്ല. ഇത് സംബന്ധമായി രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-22 പഠനം സുന്ദരം- മാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ചുള്ള നിർവ്വഹണം

ഹെഡ്മാസ്റ്റർ നടപ്പാക്കിയ 169/19, പഠനം സുന്ദരം എന്ന പ്രോജക്റ്റ് പ്രകാരം കാഡ്കോയിൽ നിന്ന് 10 എണ്ണം വീതം കട്ടിലും മെത്തയും, ടേബിൾ ഫാൻ, മേശയും കസേരയും, ബുക്ക്റാക്ക് എന്നിവയും, അവലോൺ സിസ്റ്റംസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്ന് ലാപ്ടോപ്പ് 8 എണ്ണവും വാങ്ങി പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർഥികൾക്ക് വിതരണം ചെയ്തിട്ടുമുണ്ട്. പ്രോജക്റ്റ് നിർവഹണത്തിലെ അപാകതകൾ.

1) പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ അവശേഷിക്കുന്ന (2018-19 മുതലുള്ള)പദ്ധതികളിൽ അനുവദനീയമായ സബ്സിഡി-ധനസഹായം എന്നിവ സംബന്ധിച്ച മാർഗരേഖ യിലെ (സ.ഉ.നം.22/2018/തസ്വഭവ /14.2.2018)അദ്ധ്യായം 7.2ൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്കായുള്ള സബ്സിഡി ഇനങ്ങളാണ് പ്രതിപാദിക്കുന്നത്. വിദ്യാർഥികൾക്ക് നല്കാവുന്ന ഇനങ്ങൾ സംബന്ധിച്ചും ഇതിൽ വിശദീകരിച്ചിട്ടുണ്ട്. എന്നാൽ

കട്ടിൽ, മെത്ത, ടേബിൾ ഫാൻ, ബുക്ക് റാക്ക് എന്നിവയുടെ വിതരണം ഇതിൽ പ്രതിപാദിച്ചിട്ടില്ല. കൂടാതെ ഈ ഉത്തരവിന്റെ പൊതുനിബന്ധനകൾ 2 ൽ 2.2 ആയി നിർദ്ദേശിച്ചിട്ടുള്ളത് മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിനോ, ഓരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ, ഓരോ ഇനത്തിലും അധികരിച്ച നിരക്കിലോ തുകയിലോ സബ്സിഡി നല്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ് എന്നാണ്. കൂടാതെ 2.3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുമെന്നുമാണ്. പ്രോജക്ടിന്റെ പേരിലെ വ്യത്യാസം ഇത്തരം ചെലവുകൾക്ക് സാധൂകരണം ആകുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി(നം.8/5.2.2020)സ.ഉ.22/2018 തസ്വഭവ/14.2.18 മാർഗ്ഗരേഖ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഫർണ്ണിച്ചർ നൽകാം എന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിലും നടപ്പാക്കുന്നതിലും സർക്കാർ മാർഗ്ഗരേഖകൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും മാർഗ്ഗരേഖ വ്യവസ്ഥകൾ പാലിക്കാതെയുള്ള പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച് രേഖാമൂലമുള്ള വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

### 1-23 പ്രോജക്ട് 375/19, സ്മാർട്ട് ക്ലാസ് റൂം- ടെൻഡർ ക്ഷണിച്ചില്ല

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ട് പ്രകാരം ചുവടെ ചേർക്കുന്ന ഇനങ്ങൾ സിഡ്കോ സെയിൽസ് എംപോറിയം, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി വിവിധ സ്കൂളുകൾക്ക് നല്കി.

| ഇൻവോയ്സ് നം./തീയതി/തുക | ഇനങ്ങൾ | റിമാർക് |
|---|---|---|
| KTM/18-19/269/23.3.19/3,59,998/- | 1) ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ- 3<br>2) പ്രൊജക്ടർ-3<br>3) വാൾമൗണ്ട് സ്ക്രീൻ-3<br>4) സൗണ്ട് സിസ്റ്റംസ്-3<br>5) 1KVA യു.പി.എസ്-3<br>6) വാൾമൗണ്ട് കിറ്റ്-3<br>7) സ്റ്റീൽ കമ്പ്യൂട്ടർ ടേബിൾ-3<br>8) കമ്പ്യൂട്ടർ ചെയർ -3<br>9) ഇവയുടെ സ്ഥാപിക്കൽ-3 | |
| KTM/18-19/271/23.3.19/239999/ | 1) ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ- 2<br>2) പ്രൊജക്ടർ-2<br>3) വാൾമൗണ്ട് സ്ക്രീൻ-2<br>4) സൗണ്ട് സിസ്റ്റംസ്-2<br>5) 1KVA യുപിഎസ്-2<br>6) വാൾമൗണ്ട് കിറ്റ്-2<br>7) സ്റ്റീൽ കമ്പ്യൂട്ടർ ടേബിൾ-2<br>8) കമ്പ്യൂട്ടർ ചെയർ -2<br>9) ഇവയുടെ സ്ഥാപിക്കൽ-2 | |
| **ആകെ തുക-5,99,997/-** | | |

ചെലവ് -4,75,000/(റോഡിതര സംരംക്ഷണ ഗ്രാന്റ്), 1,24,997/(തനത്ഫണ്ട്)

ഗവ.എൽ.പി.സ്കൂൾ, ഒളശ്ശയിൽ 3 സെറ്റ് വീതവും, ഗവ.യു.പി.സ്കൂൾ കുമ്മനം, ഗവ.വെൽഫയർ യു.പി.സ്കൂൾ കരീമഠം എന്നിവിടങ്ങളിൽ 1 വീതവും ഉപകരണങ്ങൾ സ്ഥാപിച്ചതായി കാണുന്നു.

സിഡ്കോ നിർമ്മിച്ച് വിതരണം നടത്താത്ത ഇലക്ട്രോണിക് സാധനങ്ങൾ ഇപ്രകാരം ടെൻഡർ നടപടികളൊഴിവാക്കി വാങ്ങിയത് ഇപ്രകാരമുള്ള വാങ്ങലുകൾ സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.

കൂടാതെ സ്കൂളുകൾക്ക് സ്മാർട്ട്ക്ലാസ് റൂം ഒരുക്കുന്നതിന് ലാപ്ടോപ്പ് കമ്പ്യൂട്ടർ വാങ്ങാനാണ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 6.1.18 ലെ 97/2018 നം ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളത്. ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനുൾപ്പെടെ ടി ഉത്തരവിൽ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്ന് വ്യതിചലിച്ച് വാങ്ങൽ നടത്തിയത് തെറ്റായ നടപടിയാണ്. പ്രോജക്ടുകൾ നടപ്പാക്കുന്നതിലും വാങ്ങലുകളിലും സർക്കാർ ഉത്തരവുകളും മാർഗ്ഗരേഖകളും പാലിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വീഴ്ച വരുത്തി. അപാകങ്ങളിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-24 'വാറ്റ്' നായി വകയിരുത്തിയ തുക ഗുണഭോക്തൃസമിതി കൺവീനർമാർക്ക് നൽകി

ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് നികുതി വിഹിതം അടയ്ക്കുന്നതിനുള്ള തുക ഓവർഹെഡ് ചാർജ് ആയി എസ്റ്റിമേറ്റിൽ വകയിരുത്തുകയും ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ ഈ തുക കുറച്ച് കൺവീനർക്ക് നല്കുകയും നികുതി വിഹിതം അതാത് വകുപ്പുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അടവാക്കുകയുമാണ് ചെയ്യുന്നത്. താഴെ പറയുന്ന പ്രവർത്തികളുടെ ഡേറ്റാ പരിശോധിച്ചതിൽ 7.5% ഓവർഹെഡ് ചാർജ്ജ് കൂടി ഉൾപ്പെടുത്തിയിരുന്നതായി കാണപ്പെട്ടു. 7/2017 ൽ ജി.എസ്.ടി. നിലവിൽ വരികയും കരാറുകാരുടെ ബില്ലിൽ നിന്നും ജി.എസ്.ടി. കുറവ് ചെയ്യേണ്ടതില്ല എന്ന് 01.11.2017 ലെ സ.ഉ.(അച്ചടി) നം.87/2017 ൽ നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതിനാൽ 2% ആദായനികുതിയും 1% കെ.സി.ഡബ്ല്യിയു.ഡബ്ല്യിയു.എഫ്. ഉം മാത്രമാണ് ബില്ലിൽ കുറവ് ചെയ്തിട്ടുള്ളത്. നികുതിയിനത്തിൽ 3% തുകയുടെ ചെലവ് മാത്രമേ ഉണ്ടായിട്ടുള്ളൂ. ഈ സാഹചര്യത്തിൽ ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ വേലമൂല്യത്തിൽ നിന്നും ഓവർഹെഡ് ചാർജ്ജ് ഇനത്തിൽ അധികം വകയിരുത്തിയ 5% കുറച്ച് വേലമൂല്യം കണക്കാക്കേണ്ടതായിരുന്നു. സർക്കുലർ നം.ഡി.ബി3-9058/1/സി.ഇ/എൽ.എസ്.ജി.ഡി തീ:16.3.2018 ൽ ഇത് വ്യക്തമാക്കുകയും ചെയ്തിട്ടുള്ളതാണ്. അധികം വകയിരുത്തിയ ഓവർഹെഡ് ചാർജ് കുറവ് ചെയ്യാത്തതിനാൽ വേലമൂല്യത്തിന്റെ 5% കൺവീനർക്ക് അധികമായി നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | കൺവീനർ | അളവുപുസ്തകം | ആകെ വേലമൂല്യം | ബില്ലിൽ കുറവ് ചെയ്യാഞ്ഞതിനാൽ കൺവീനർക്ക് അധികം നൽകിയതുക |
|---|---|---|---|---|---|---|
| 1 | 260/19 മാഞ്ചിറ നടപ്പാലം | 3,75,000 | ജെയ്മോൻ പി.സി. | 63/17-18,84/16-17 | 3,74,916 | 18,746 |
| 2 | 272/19 മാഞ്ചിറ ആയിരം വീട് റോഡ് മണ്ണടി | 4,00,000 | ഷാജി കെ.എൻ. | 37/18-19 | 3,81,292 | 19,065 |
| 3 | 274/19 വരമ്പിനകം ആയിരം വേലി റോഡ് മണ്ണടി | 2,00,000 | തങ്കച്ചൻ കെ.വി. | 36/18-19 | 1,98,704 | 9,936 |
| 4 | 288/19 ഓളോക്കടവ് അറ്റകുറ്റപണി | 50,000 | വേണുഗോപാൽ വി.കെ. | 52/17-18 | 41,374 | 2,069 |
| 5 | 282/19 അമ്പലക്കടവ് മംഗലം ചിറയുമ്പ് | 60,000 | സുധീഷ് ഷാജി | 35A/18-19 | 53,569 | 2,678 |

| | | | | | | |
|---|---|---|---|---|---|---|
| | വെയ്ക്കൽ | | | | | |
| 6 | 275/19 പാടശേഖരങ്ങളുടെ മോട്ടോർഷെഡ് അറ്റകുറ്റപ്പണി | 10,00,000 | ഗോപി കെ.എം. | 51/17-18 | 57,962<br>64,402 * | 6,128 |
| 7 | 264/19 വെറ്റിനറി ആശുപത്രി മെയിന്റനൻസ് | 2,77,888 | ബിജി കെ. ജോൺ | 92/16-17 | 51,084 | 2,554 |
| | **ആകെ** | | | | | **61,176** |

* 19-20ലാണ് ചെലവ്

കൺവീനർമാർക്ക് അധികമായി നല്കിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന്(14/7.2.2020)ൽ മറുപടി ലഭ്യമായില്ല. ഓവർഹെഡ്ചാർജ് ഇനത്തിൽ അധികം നൽകിയ 61,176/-രൂപ ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-25 പാടശേഖരങ്ങളുടെ മോട്ടോർഷെഡ് അറ്റകുറ്റപണി - പ്രവൃത്തി പൂർത്തിയാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനിയർ

| | |
|---|---|
| പ്രോജക്ട് നമ്പർ | 275/19 |
| അടങ്കൽ | 8,23,491 |
| ചെലവ് | 1,10,295 |
| ചെക്ക് നമ്പർ | 167929/31.10.18/52333<br>167992/25.3.19/57962 |
| കൺവീനർ | എം.കെ.ഗോപി |
| കരാർ | 71/AE/LSGD/AYM 26.12.17 |

ഗ്രാമപഞ്ചായത്തിലെ വിവിധ നെൽ കൃഷിപാടങ്ങളിലെ മോട്ടോർഷെഡുകൾ പുനരുദ്ധരിക്കാൻ 2017-18 വർഷം 10 ലക്ഷം രൂപ അടങ്കലിൽ തയ്യാറാക്കിയ പ്രോജക്ട് ഗുണഭോക്തൃസമിതി മുഖേനയാണ് നിർവ്വഹിച്ചത്. 26.12.17 ൽ കരാറിലേർപ്പെട്ട ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 3 മാസമാണ്. പ്രവൃത്തികൾ ഭാഗികമായി പൂർത്തിയാക്കി, 3,34,286 രൂപയ്ക്ക് പാർട്ട് ബില്ലുകൾ സമർപ്പിച്ചിരുന്നു. അതിനു ശേഷം പ്രവൃത്തി നടന്നിട്ടില്ലെന്ന് അളവുപുസ്തകം പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. കൂടാതെ ടി പ്രവൃത്തിക്കായി 2019-20 വർഷം പ്രോജക്ട് ഉൾപ്പെടുത്തിയിട്ടില്ല.

29.3.17-ലെ ജി.ഒ.(എം.എസ്) 72/2017/തസ്വഭവ നമ്പർ പദ്ധതി മാർഗ്ഗരേഖാ ഉത്തരവ് ഖണ്ഡിക 6-8 (2) അനുസരിച്ച് സ്പിൽഓവർ പ്രോജക്ടുകൾ അവ സ്പിൽഓവറായ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. 2018-19 വർഷം സ്പിൽഓവറായി ഉൾപ്പെടുത്തിയ പ്രോജക്ട് നാളിതുവരെ പൂർത്തീകരിക്കാത്തതിന്റെ കാരണം രേഖാമൂലം അറിയിക്കേണ്ടതാണന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(9/6.2.2020) പ്രളയാനന്ത പ്രവർത്തനങ്ങളുടെ തിരക്കായതിനാലാണ് പ്രവൃത്തി

പൂർത്തികരിക്കാത്തതെന്നറിയിച്ചു. പ്രോജക്ടിന്റെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് സപ്ലിമെന്ററി എഗ്രിമെന്റിലും ഏർപ്പെട്ടില്ല. പൊതുമരാമത്ത് നടപടിക്രമങ്ങൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ലക്ഷ്യമിട്ട പ്രവൃത്തി എല്ലാ രീതിയിലും പൂർത്തീകരിച്ച് ഭൗതിക ലക്ഷ്യം കൈവരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-26 പ്ലാസ്റ്റിക്ക് മാലിന്യ ഷ്രേഡിങ്ങ് യൂണിറ്റ്, മെറ്റീരിയൽ റിക്കവറി യൂണിറ്റ് കെട്ടിടനിർമ്മാണം- അപാകതകൾ- തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനിയർ

| | |
|---|---|
| പ്രോജക്ട് | 346/19 |
| അടങ്കൽ | 8,97,000(2018-19) |
| ചെലവ് | 3,00,000 |
| ബിൽ നമ്പർ | 52/27.03.19 |
| കരാർ | 71/AE/LSGD/AYM/8.03.19 |

ഗ്രാമപഞ്ചായത്തിന്റെയും ശുചിത്വമിഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പ്ലാസ്റ്റിക്ക് ഷ്രേഡിങ്ങ് യൂണിറ്റിന് കെട്ടിടം പുത്തൻതോട് മൃഗാശുപത്രിക്ക് സമീപവും എയ്റോബിക്ക് ബിൻ കമ്പോസ്റ്റ് ഷെഡ് നാല് സ്ഥലങ്ങളിലും സ്ഥാപിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം IRTC യെ ഏൽപ്പിച്ചു. അമ്പാടി, കുടയംപടി, കല്ലുമല എന്നീ സ്ഥലങ്ങളിൽ യൂണിറ്റ് സ്ഥാപിക്കുന്നതിന് 23,97,000 രൂപയുടെ എസ്റ്റിമേറ്റ് IRTC നൽകി.

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ടി എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭ്യമായിട്ടില്ല.

2) എസ്റ്റിമേറ്റിനോടൊപ്പം ഡേറ്റാ ഉൾപ്പെടുത്തിയിട്ടില്ല.

3) എസ്റ്റിമേറ്റിൽ 2.5% മാനേജ്മെന്റ് ചാർജ്ജും 12% ജി എസ് റ്റി നിരക്കും ,മാനേജ്മെന്റ് ചാർജിൻമേൽ 18% ജി എസ് റ്റി നിരക്കും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ആധാരമായ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

4) സ്ഥാപനവുമായി ഏർപ്പെട്ട കരാറിൽ പ്രോജക്ടിന്റെ പൂർത്തീകരണ കാലയളവ് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. എല്ലാ ഗഡുക്കളും കൈപ്പറ്റിയ തീയതി മുതൽ പരമാവധി നാലു മാസം എന്നാണ് പൂർത്തീകരണകാലം രേഖപ്പെടുത്തിയിരിക്കുന്നത്. പ്രവൃത്തി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയാൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

5) ഓഡിറ്റ് വർഷം 3,00,000 രൂപ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ ഇല്ല.

6) പ്രോജക്ട് നാളിതുവരെ പൂർത്തികരിച്ചില്ല.

അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (21/10.2.2020) കൃത്യമായ വിശദീകരണം നല്കിയിട്ടില്ല. ആയതിനാൽ പ്രോജക്ടിനായി ചെലവഴിച്ച 3,00,000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 പി.എച്ച്.സി. അടിസ്ഥാന വികസനം വ്യക്തമായ കരാർ വ്യവസ്ഥകളില്ലാതെ തുക കൈമാറി- നിർമ്മാണം പ്രാരംഭഘട്ടത്തിൽ

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനിയർ

| | |
|---|---|
| പ്രോജക്ട് നം. | 94/19 |
| അടങ്കൽ | 40,00,000 |

| | |
|---|---|
| ചെലവ് | 16,34,064 |
| ബിൽ നമ്പർ | 19/16/10/18 -1034064,<br>20/16/10/18-600000 |

ആർദ്രം മിഷന്റെ ഭാഗമായി പി.എച്ച്.സി. അടിസ്ഥാന വികസനത്തിനായി District Health and Welfare Society യുടെ ICICI ബാങ്കിന്റെ 626701034909 നമ്പർ അക്കൗണ്ടിലേക്ക് മേൽ ചേർത്ത പ്രകാരം തുക നൽകിയിട്ടുണ്ട്. ടി പ്രോജക്ടിന്റെ എസ്റ്റിമേറ്റ്, കരാർ, തുടങ്ങിയവ ഫയലിനൊപ്പം ഇല്ല. ആവശ്യമായ കരാറിൽ ഏർപ്പെടാതെ തുക കൈമാറിയത് ശരിയായ നടപടിയല്ല. സൈറ്റ് പരിശോധനയിൽ നിർമ്മാണം പ്രാരംഭദിശയിലാണെന്ന കണ്ടു. ടി വിഷയം എക്സിറ്റ് മീറ്റിംഗിലവതരിപ്പിച്ചപ്പോൾ പ്രളയം മൂലം നാശം സംഭവിച്ച 11 പി.എച്ച്.സി.കൾ ആർദ്രം മിഷന്റെ നേതൃത്വത്തിൽ ഒരു സ്വകാര്യ സംരഭകൻ സൗജന്യമായി പുനർ നിർമ്മിച്ച് നൽകുന്നതിന് തയ്യാറായതിനാലാണ് താമസം വന്നതെന്നും എന്നാൽ നാളിതു വരെ നിർമ്മാണത്തിലെ പ്രാരംഭനടപടികൾ പോലും ആരംഭിക്കാത്തതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 2.12.19 ലെ തീരുമാനപ്രകാരം നിലവിലുള്ള കെട്ടിടങ്ങളെ ഒന്നിപ്പിച്ച് സി.എച്ച്.സി.ക്ക് വേണ്ട സജ്ജീകരണങ്ങൾ ഒരുക്കുന്നതിന് 2019-20 വർഷത്തെ ഭേദഗതി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതായും അറിയിച്ചു.

കരാർ ചമയ്ക്കാതെ തുക നൽകിയതിനാലും പ്രവൃത്തി നാളിതുവരെ പൂർത്തിയാക്കാത്തതിനാലും തൻ വർഷത്തെ ചെലവ് തുക 16,34,064/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-28 സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി ഇരുചക്രവാഹന പരിശീലനത്തിന് തുക ചെലവഴിച്ചു

നിർവ്വഹണോദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് - ഡ്രൈവിംഗ് പരിശീലനവും ഇരുചക്രവാഹനവും

പ്രോജക്ട് നം.250/19 (സ്പിൽ ഓവർ പദ്ധതി)

അടങ്കൽ - 1,89,950/-(എസ്.സി.പി.)

ചെലവ് - 1,84,950/-

ബിൽ നം.3/18-19/28.7.18-20,000
ബിൽ നം.10/18-19/8.2.19-10,000
ബിൽ നം.12/18-19/11.3.19-10,000

പട്ടികജാതി വിഭാഗക്കാരായ 10 വനിതകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനു ധനസഹായം നൽകുന്നതിനാണ് പ്രസ്തുത പ്രോജക്ട് ആവിഷ്കരിച്ചത്. ഇപ്രകാരം 7 ഗുണഭോക്താക്കൾക്ക് ഡ്രൈവിംഗ് പരീശീലനം നൽകുന്നതിനും ഇരുചക്രവാഹനം വാങ്ങുന്നതിനുംകൂടി 1,84,950/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇരുചക്ര വാഹനം വാങ്ങുന്നതിന് 20,000/-രൂപ സബ്സിഡിയും പരിശീലനത്തിന് 5,000/-രൂപയും ഗുണഭോക്തൃവിഹിതം 500/-രൂപയും ധനകാര്യവിശകലനത്തിൽ ഉൾപ്പെടുത്തിയിരുന്നു. 8 ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുന്നതിന് (ഒരു ഗുണഭോക്താവിന് 5,000/-രൂപ വീതം) മൂന്ന് ബില്ലുകളിലായി 40,000/-രൂപ (20000+10000+10000= 40,000/-രൂപ) (ബിൽ നം.3/18-19, 10/18-19, 12/18-19) പരിശീലകനായ തോമസ് കുട്ടി, (അഞ്ചലി ഡ്രൈവിംഗ് സ്കൂൾ)എന്ന വ്യക്തിയ്ക്ക് നൽകിയിട്ടുണ്ട്. ഈ പരാമർശത്തിന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.4/5.02.19) ലഭ്യമാക്കിയ മറുപടിയിൽ ജി.ഒ.(എം.എസ്.) 22/2018 ത.സ്വ.ഭ.വ 14.02.2018 അനുബന്ധം 8.5 പ്രകാരം പരിശീലനത്തിനുമാത്രമായി പ്രോജക്ടുകൾ പാടില്ലെന്നു നിഷ്കർഷിച്ചിരിക്കുന്നതിനാലാണ് ഡ്രൈവിംഗ് പരിശീലനം ഉൾപ്പെടെ സ്വയംതൊഴിൽ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയത് എന്ന് അറിയിച്ചു. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) 22/2018 ത.സ്വ.ഭ.വ 14.02.2018 പ്രകാരം പ്രസ്തുത പ്രോജക്ടിന് തെരെഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾ നിലവിൽ ഇരുചക്രവാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് ഉള്ളവരായിരിക്കണം, സ്വന്തമായി വാഹനം ഉള്ള വ്യക്തിയായിരിക്കരുത്, തൊഴിൽരഹിതരോ ഇരുചക്രവാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വിൽപ്പന നടത്തി ഉപജീവനം നടത്തുവാൻ തയ്യാറുള്ളവരോ ആയിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഗുണഭോക്താക്കളുമായി വെച്ചിട്ടുള്ള കരാറിൽ നിലവിൽ ഡ്രൈവിംഗ് ലൈസൻസ് ഉള്ളവരായിരിക്കണം എന്നു വ്യക്തമാക്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രസ്തുത പ്രോജക്ടിൽ പരിശീലനത്തിന് ചെലവഴിച്ച

40,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-29 ഉൽപാദന ബോണസ് വിതരണ വിവരങ്ങൾ ലഭ്യമാക്കിയില്ല

പഞ്ചായത്തിൽ നിന്നും 2018-19 വർഷം നെൽകർഷകർക്ക് പ്രൊഡക്ഷൻ ബോണസ് നൽകുന്നതിന് 17,11720/-രൂപ (ബിൽ നം.46/1.09.18) മാറി കൃഷി ഓഫീസറുടെ റ്റി.എസ്.ബി. അക്കൗണ്ടിലേക്ക്(A/c No.70801140000108) നൽകിയിട്ടുണ്ട്. നാളിതുവരെ 15,20,552/-രൂപ മാത്രമേ കർഷകർക്ക് വിതരണം ചെയ്തിട്ടുള്ളൂ. ശേഷിക്കുന്ന തുക 1,91,168/-രൂപ വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. തുക വിതരണം ചെയ്യാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (40/-13.02.220) മറുപടി ലഭ്യമായില്ല. ഉൽപ്പാദന ബോണസ് വിതരണത്തിനായി പിൻവലിച്ച തുക പൂർണ്ണമായി വിതരണം ചെയ്യാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്ന നടപടി ക്രമപ്രകാരമല്ല. അതിനാൽ കൃഷി ഓഫീസറുടെ ടി.എസ്.ബി.(അക്കൗണ്ട് നം.70801140000118)അക്കൗണ്ടിൽ ശേഷിക്കുന്ന തുക കർഷകരുടെ അക്കൗണ്ടിലേക്ക് വിതരണം ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിതരണം സാധിക്കുന്നില്ലായെങ്കിൽ തുക സർക്കാരിലേക്ക് തിരികെയൊടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്. കൃഷി ഓഫീസറുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുക 1,91,168/-രൂപ തടസപ്പെടുത്തുന്നു.

### 1-30 ബാലസഭ-പരമാവധി പരിധി അധികരിച്ച് തുക ചെലവഴിച്ചു

നിർവ്വഹണോദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് -ബാലസഭ

പ്രോജക്ട് -249/18 (സ്പിൽ ഓവർ പദ്ധതി), - 124/19

ചെലവ് - 34440+50000

പഞ്ചായത്തിൽ 2018-19 വർഷത്തിൽ ബാലസഭ പ്രവർത്തനങ്ങൾ രണ്ടുതവണ (പ്രോജക്ട് 249/18, 124/19) നടത്തിയിട്ടുണ്ട്. 2017-18 വർഷം നടത്തേണ്ടിയിരുന്ന ബാലസഭ പ്രവർത്തനങ്ങൾ (പ്രോജക്ട് നമ്പർ 249/18) ശിൽപ്പശാലകൾ, ബോധവത്ക്കരണ ക്ലാസുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ തുടങ്ങിയ പരിപാടികളോടെ 2018 ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾക്ക് 34,440/-രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ തൻവർഷം ഫെബ്രുവരി, മെയ് മാസങ്ങളിലായി മോട്ടിവേഷണൽ ക്ലാസ്, നാടറിയാൻ ഉണർവ് യാത്രപരിപാടി, തുടങ്ങിയ പ്രവർത്തനങ്ങൾ 50,000/-രൂപ ചെലവഴിച്ച് നടത്തിയിട്ടുണ്ട്. സാധാരണഗതിയിൽ അതാത് വർഷം നടത്തേണ്ടിയിരുന്ന പ്രോജക്ടുകൾ സ്പിൽഓവറായി നടത്തിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (6/05.2.19) പ്രവർത്തനങ്ങൾ വേനലവധിക്കാലത്തേക്ക് മാറ്റിവെച്ചതിനാലാണ് പ്രോജക്ട് സ്പിൽഓവർ ആയതെന്നാണ് വിശദീകരണം നൽകിയത്. രണ്ട് പദ്ധതികളിലും മികച്ച ബാലസഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)22/2018 ത.സ്വ.ഭ.വ. 14.02.2018 പ്രകാരം വാർഡ് തലത്തിൽ 1,000/-രൂപ വീതം(20 വാർഡുകൾ), പഞ്ചായത്ത് തലത്തിൽ പരമാവധി 40,000/-രൂപയാണ് ചെലഴിക്കാവുന്നത്. തൻവർഷം രണ്ടു പ്രോജക്ട് പ്രകാരമുള്ള ബാലസഭ പ്രവർത്തനങ്ങൾക്കു കൂടി 84,440/-രൂപ ചെലവഴിച്ചിട്ടുണ്ട്. അധികമായി 44,440/-രൂപ ചെലവഴിച്ചിട്ടുണ്ട്. അധിക തുക ചെലവഴിച്ചത് മാർഗ്ഗരേഖക്ക് വിരുദ്ധമാണ്. ഇത് സംബന്ധമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-31 ഭക്ഷ്യവിളകളുടെ വിത്ത്-വിതരണ രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ടിന്റെ പേര് - ഭക്ഷ്യ വിളകളുടെ വിത്ത്(സ്പിൽ ഓവർ)

പ്രോജക്ട് നമ്പർ - 200/19
ചെലവ്-1,11,900
നിർവ്വഹണോദ്യോഗസ്ഥൻ-കൃഷി ഓഫീസർ

പ്രസ്തുത പ്രോജക്ട് പ്രകാരം വെജിറ്റബിൾ & ഫ്രൂട്ട് പ്രോമോഷൻ കൗൺസിലിൽ നിന്ന് (ഇൻവോയിസ് നം.EKM/BKM-1089/26.02.2018) 1,25,000/-രൂപയുടെ 250 കിറ്റ് (500/കിറ്റ്) കിഴങ്ങുവർഗ്ഗം (ചേന, ഇഞ്ചി, മഞ്ഞൾ, കാച്ചിൽ, ചേമ്പ്)വാങ്ങിയിട്ടുണ്ട്. എന്നാൽ വിലയിനത്തിലെ തുക വെജിറ്റബിൾ & ഫ്രൂട്ട് പ്രോമോഷൻ കൗൺസിൽ കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമല്ല. പ്ലാൻ ഫണ്ടിൽ നിന്നും 1,11,900/-രൂപ (ബിൽ നം.1/18-19,

28.05.18)ചെലഴിച്ചതിന്റെ വിവരങ്ങൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഗുണഭോക്തൃവിഹിതം ഉൾപ്പെട്ടിട്ടുള്ള പ്രോജക്ടിനു വേണ്ടി ഗുണഭോക്തൃവിഹിതം പിരിച്ച് പഞ്ചായത്തിൽ അടവാക്കിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ ലഭ്യമായിട്ടില്ല.

ഹാജരാക്കിയ വിതരണ പത്രിക പ്രകാരം 250 ഗുണഭോക്താക്കൾക്ക് വേണ്ടി 20 വാർഡുകളിലെ മെമ്പർമാരാണ് വിളകൾ കൈപ്പറ്റിയതായി കാണുന്നത്. ഗുണഭോക്താക്കൾക്ക് ഇവ കൈമാറിയതിന്റെ വിവരങ്ങളില്ല. ഓരോ കിറ്റിലും ഏതെല്ലാം കിഴങ്ങു വർഗ്ഗം എത്ര കിലോഗ്രാം, അളവിലാണ് ഉണ്ടായിരുന്നതെന്ന് വ്യക്തതയില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.42/13.2.2020)ന് മറുപടി ലഭിച്ചില്ല. മതിയായ വിവരങ്ങളുടെയും, രേഖകളുടെയും അഭാവത്തിൽ 1,11,900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 കുടുംബശ്രീ ക്യാന്റീൻ പ്രവർത്തനം കാര്യക്ഷമമല്ല

വിശപ്പുരഹിത പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 വർഷം പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച കുടുംബശ്രീ ക്യാന്റീന് തൻവർഷം തനതുഫണ്ടിൽ നിന്ന് 50,000/-രൂപ ചെലവഴിച്ച് (പ്രോജക്ട് നം.130/18, നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി) ഉപകരണങ്ങൾ, പാത്രങ്ങൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. സി.ഡി.എസ്. ചെയർപേഴ്സണും പഞ്ചായത്തും തമ്മിൽ കാന്റീൻ പ്രവർത്തനം സംബന്ധിച്ച് ഏർപ്പെട്ടിട്ടുള്ള കരാറിൽ തീയതി, പ്രവർത്തനകാലയളവ് തുടങ്ങിയവയെ സംബന്ധിച്ച വിവരങ്ങൾ വ്യകതമാക്കിയിട്ടില്ല. പ്രതിമാസം ഒരു നിശ്ചിത തുക വാടകയായി നിശ്ചയിച്ച് ഇതിനായി തുടങ്ങിയിരിക്കുന്ന അക്കൗണ്ടിലേക്ക് നൽകണമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും പ്രതിമാസ വാടക തുക, ബാങ്ക്, അക്കൗണ്ട് വിവരങ്ങൾ കരാറിൽ ചേർത്തിട്ടില്ല. വിശപ്പ് രഹിത പദ്ധതിയിൽ ഭക്ഷണം കഴിക്കുന്നവർക്ക് സൗജന്യമായി ഭക്ഷണം നൽകേണ്ടതും ആയതിന്റെ വില കുറഞ്ഞ നിരക്കിൽ പഞ്ചായത്തിൽ നിന്നും വാങ്ങേണ്ടതാണെന്നും കരാറിൽ ചേർത്തിട്ടുണ്ട്. കുറഞ്ഞ നിരക്ക് എത്രയാണെന്നു വ്യക്തമാക്കിയിട്ടില്ല. നിലവിൽ കുടുംബശ്രീ ക്യാന്റീന്റെ പ്രവർത്തനം പഞ്ചായത്തിന്റെ/സി.ഡി.എസ്.ന്റെ നിയന്ത്രണത്തിലാണോ എന്നത് വ്യക്തമല്ല. കാന്റീൻ പ്രവർത്തനം ഉൾപ്പടെയുള്ള കുടുംബശ്രീ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്, (19/10.2.2020) നിലവിൽ കാരുണ്യ കുടുംബശ്രീ ക്യാന്റീൻ സി.ഡി.എസ്.ന്റെ കീഴിലാണ് പ്രവർത്തിക്കുന്നത് എന്നും പ്രതിമാസം 3,000/-രൂപ നിരക്കിലാണ് വാടക നിശ്ചയിച്ചിട്ടുള്ളത് എന്നും വിശപ്പുരഹിത പദ്ധതിയിൽ 30/-രൂപ നിരക്കിലാണ് ഊണ് നൽകി വരുന്നത് എന്നും അറിയിച്ചു. കൂടാതെ മാസ വാടകയിൽ നിന്ന് ഊണിന്റ വിലയിനത്തിലെ തുക കുറച്ച് ബാക്കി തുക സി.ഡി.എസ്. ലേക്ക് വരവുവെക്കുകയാണന്നും ടി തുക വിശപ്പ് രഹിത പദ്ധതിക്ക് വേണ്ടി എച്ച്.ഡി.എഫ്.സി. ബാങ്കിൽ തുടങ്ങിയ അക്കൗണ്ടിൽ (A/c No.50200034680862)നിക്ഷേപിക്കുകയാണന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വാടക എല്ലാമാസവും ആദ്യം പഞ്ചായത്തിൽ സ്വീകരിച്ച ഊണിന്റെ വില പിന്നീട് സി.ഡി.എസ്.ന് കൈമാറി നല്കുന്നതിനും ഇപ്രകാരം സാമ്പത്തിക ഇടപാടുകൾ ക്രമപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. കാന്റീനിന്റെ വരവുചെലവുകൾ കൃത്യമായി നിരീക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 ആശ്രയ പദ്ധതി - പ്ലാൻഫണ്ട് തുകകൾ പിൻവലിച്ച് ചെലവഴിക്കാതെ സൂക്ഷിക്കുന്നു

ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും അവസാനിച്ചപ്പോൾ അക്കൗണ്ടിൽ പ്ലാൻ ഫണ്ടുൾപ്പെടെയുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. 31.03.2019 ലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ആശ്രയപദ്ധതിയുടെ ഘട്ടങ്ങൾ | ചലഞ്ച് ഫണ്ട് | പ്ലാൻ ഫണ്ട് | (പലിശയുൾപ്പെടെയുള്ള) നീക്കിയിരിപ്പ് |
|---|---|---|---|
| ഒന്നാം ഘട്ടം | 7,73,373 | 9,00,000 | 1,51,076 |
| രണ്ടാംഘട്ടം | 9,92,644 | 5,20,000 | 4,08,754 |
| ആകെ | 17,66,017 | 14,20,000 | 5,59,830 |

ഒന്നും രണ്ടും ഘട്ടങ്ങൾ അവസാനിച്ചപ്പോൾ പ്ലാൻ ഫണ്ടിൽ മാത്രം 14,20,002/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

ആശ്രയയ്ക്ക് പകരമായി നിലവിൽ വന്ന അഗതിരഹിത കേരളം പദ്ധതിയിൽ 184 ഗുണഭോക്താക്കളുണ്ട്. ഇതിന്റെ

ഭാഗമായി രണ്ടാം ഘട്ടത്തിൽ ചെലവഴിക്കാതെ അവശേഷിച്ചിരുന്ന തുക അഗതിരഹിത കേരളം എന്ന (അക്കൗണ്ട് നം. 38387627790 എസ്.ബി.ഐ. അയ്യനം) അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. അഗതിരഹിത കേരളം പദ്ധതിയുടെ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി തുക ചെലവഴിച്ച് വിവരം അറിയിക്കേണ്ടതാണ്. സമൂഹത്തിൽ അവശതയനുഭവിക്കുന്നവരുടെ ക്ലേശഘടകങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി ചെലവഴിക്കേണ്ടിയിരുന്ന പ്ലാൻ ഫണ്ട് തുക മുൻകൂർ പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുക മാത്രം ചെയ്ത നടപടി അംഗീകരിക്കാവുന്നതല്ല. അഗതിപുനരധിവാസ പ്രവർത്തനങ്ങളിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-34 കന്നുകുട്ടി പരിപാലന പദ്ധതി അപാകതകൾ

പ്രോജക്ട് നം.09/19

ചെലവ് - 2,50,000(വികസനഫണ്ട്)

പ്രോജക്ടിലുൾപ്പെട്ട 40 ഗുണഭോക്താക്കളുടെ 4-6 മാസം വരെയുള്ള കിടാരികൾക്ക് 32 മാസം വരെയോ, പ്രസവം വരെയോ 25% സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമാക്കിയത്. പ്രോജക്ടിന്റെ പഞ്ചായത്ത് വിഹിതം 6,250 രൂപ വീതം 2,50,000/-രൂപ(ബിൽ നം.08/4.02.2019)അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. വല്യാട് ക്ഷീരോല്പാദക സഹകരണസംഘം കെ(57), ചീപ്പുങ്കൽ സഹകരണസംഘം കെ19 (ഡി) തുടങ്ങിയ സംഘങ്ങൾ മുഖേനയാണ് കാലിത്തീറ്റ വിതരണം നടത്തുന്നത്. വല്യാട് ക്ഷീരോല്പാദക സഹകരണസംഘം കെ(57)സഹകരണസംഘത്തിന്റെ വിതരണരജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ കാലിത്തീറ്റ അതിനൊപ്പം പറയുന്ന കാലയളവിൽ വാങ്ങിയതായി കാണുന്നില്ല.

| ഗുണഭോക്താവിന്റെ പേര് | കാലയളവ് |
|---|---|
| വി.ജി.സുരേഷ്, വട്ടപറമ്പിൽ | 7/19, 9/19, 11/19, 12/19, 01/2020 |
| പ്രസന്നൻ, കല്ലുമാടിയിൽ | 11/19, 12/19, 01/2020 |
| ബാബു, കല്ലുമാടിയിൽ | 11/19, 12/19, 01/2020 |
| പി.എൻ.ബാബു, പരുത്തിയകം | 15/19, 6/19, 12/19 |

പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(22/10.02.2020) വി.ജി.സുരേഷിന്റെ കിടാവ് ചത്തു പോയതിനാലും, പി.എൻ.ബാബു സാമ്പത്തിക ബുദ്ധിമുട്ട് ഉള്ളതിനാൽ വാങ്ങാതിരുന്നതും, പ്രസന്നൻ, കല്ലുമാടിയിൽ, ബാബു, കല്ലുമാടിയിൽ എന്നിവർ കാലിത്തീറ്റ കൈപ്പറ്റിയെങ്കിലും വ്യക്തിഗത രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയതുമാണ് എന്നാണ് മറുപടി നൽകിയത്.

മേൽ പറഞ്ഞ വി.ജി.സുരേഷ്, പി.എൻ.ബാബു എന്നീ ഗുണഭോക്താക്കളുടെ സബ്സിഡി തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്. ശ്രീ.പ്രസന്നൻ, ശ്രീ.ബാബു എന്നീ ഗുണഭോക്താക്കൾ കാലിത്തീറ്റ കൈപ്പറ്റിയത് രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-35 മരുന്ന് ലഭ്യമായില്ല. ചെലവ് തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങൽ പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭ്യമായില്ല എന്ന് കാണപ്പെട്ടു.

പാലിയേറ്റീവ് കെയർ പ്രോജക്ടിനായി ബ്ലോക്ക് വിഹിതമിനത്തിൽ ലഭിച്ച തുകയിൽ നിന്നും 72,916/- രൂപ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമി. എന്ന സ്ഥാപനത്തിൽ നിന്നും മരുന്ന് ലഭ്യമാക്കുവാൻ ഒടുക്കിയിട്ടുണ്ട്. എന്നാൽ, 21,481 രൂപയുടെ മരുന്ന് ലഭിച്ചതിന്റെ രേഖകൾ ലഭ്യമല്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.41/12.02.2020) ലഭിച്ച മറുപടിയിൽ മരുന്ന് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതായും ലഭിക്കുന്ന മുറയ്ക്ക് അന്തിമ മറുപടി നല്കുന്നതാണെന്നുമാണ് അറിയിച്ചത്. മരുന്ന് ലഭിച്ചിട്ടില്ലാത്തതിനാൽ 21,481 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-36 ലൈഫ് ഭവന പദ്ധതി(ജനറൽ)-അവലോകനം

ലൈഫ് ഭവന പദ്ധതിയിൽ (പ്രോജക്ട് നം.88/18) ഉൾപ്പെട്ട് 2018-19 വർഷത്തിൽ കരാർവെച്ച 170 ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റിയിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയ 9 ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. ഇവരൊടൊപ്പം തുക കൈപ്പറ്റിയ മറ്റ് 161 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തികരിച്ചു. ഈ ഗുണഭോക്താക്കൾ നിലവിൽ പണി പൂർത്തികരിക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/19) നിലവിൽ ധനസഹായം കൈപ്പറ്റിയ 7 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പുരോഗമിക്കുന്നുണ്ടന്നും ആദ്യഗഡു ധനസഹായം കൈപ്പറ്റിയ 2 ഗുണഭോക്താക്കളിൽ ജാനകി(ക്രമ നം.3) എന്ന ഗുണഭോക്താവ് മരിച്ചു പോയിട്ടുള്ളതിനാലും ടിയാളുടെ പേരക്കുട്ടിക്ക് സർക്കാർ ജോലി ലഭിച്ചതിനാലും കൈപ്പറ്റിയ അഡ്വാൻസ് തുകയും പലിശയും ചേർന്നുള്ള തുക തിരികെ ഈടാക്കുന്നതിനും നടപടി സ്വീകരിക്കുന്നതായി അറിയിച്ചു. കൂടാതെ മണി സുകുമാരൻ (ക്രമ നം.7) എന്ന ഗുണഭോക്താവ് മരിച്ചുപോയ സാഹചര്യത്തിൽ ടിയാളുടെ അവകാശികൾക്ക് പഞ്ചായത്ത് ഭരണസമതിയുടെ അംഗീകാരത്തോടുകൂടി സന്നദ്ധസംഘടനകളുടെ സഹായത്തോടെ വീടു നിർമ്മിച്ചുനൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണന്നും മറുപടി നൽകിയിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് വിവരം | രജിസ്റ്റർ പ്രകാരമുള്ള ക്രമ നം. | നിർമ്മാണഘട്ടം | കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | ബിയ ഏലിയാച്ചൻ | 100 | ഭിത്തി | 2,60,000 |
| 2 | സരസമ്മ | 97 | ഭിത്തി | 2,00,000 |
| 3 | ജാനകി | 50 | നിർമ്മാണം ആരംഭിച്ചിട്ടില്ല | 40,000 |
| 4 | ഐഷ സജി | 65 | ഭിത്തി | 26,000 |
| 5 | ചന്ദ്രമതിഅമ്മാൾ | 118 | അടിത്തറ | 40,000 |
| 6 | ലീല ചെല്ലപ്പൻ | 139 | ഭിത്തി | 2,60,000 |
| 7 | മണി | 152 | അടിത്തറ | 40,000 |
| 8 | ബിൻസി കുഞ്ഞുമോൻ | 156 | ഭിത്തി | 2,60,000 |
| 9 | ജലജ സോമൻ | 161 | ഭിത്തി | 26,000 |

ടി ഗുണഭോക്താക്കളുടെ കാര്യത്തിൽ മുൻ ഖണ്ഡികയിൽ പരാമർശിച്ച നടപടികളിലൂടെ ഭവനനിർമ്മാണമാരംഭിച്ചവർ പൂർത്തികരിക്കുന്നതിനും അല്ലാത്തവരിൽനിന്ന് തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കുന്നതിനും നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ലൈഫ് ഭവന പദ്ധതിക്ക് (പട്ടികജാതി) ജില്ലാ പഞ്ചായത്തിൽ നിന്നും 2017-18 വർഷം 75,48,200/-രൂപ (T.S.B. A/C No.117030900186/23.03.2018) പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്. നാളിതുവരെ ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്ന് 8,88,200/-രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. അക്കൗണ്ടിൽ 6,660,000/- രൂപ അക്കൗണ്ടിൽ ശേഷിക്കുന്നുണ്ട്. ടി തുക അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ചെലവഴിച്ച് വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക

സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ വിശകലനം ചെയ്ത് ബാധകമായ നിയമങ്ങൾ/ചട്ടങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 27.5.19-28.05.19 | കെ.എസ്.എ-കെ.ടി.എം.പി7/753/2019/3.6.19 |

### 4-2 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച തുക

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ലാപഞ്ചായത്ത് | 2017-18 | 75,48,200 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 8,88,200 | 66,60,000 |
| | | 2018-19 | 34,05,464 | | 34,00,000 | 5,464 |
| 2 | | 2017-18(വരവ്) | 3,43,750 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 5,64,630 | |
| | | ,, | 2,50,000 | | | 29,120 |

| | | | | | | |
|---|---|---|---|---|---|---|
| 3 | | ,, | 2,75,000 | അങ്കണവാടി പോഷകാഹാരം | 0 | 2,75,000 |
| | | ആകെ | 1,18,22,414 | | 48,52,830 | 69,69,584 |
| 1 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 3,00,000 | പാലിയേറ്റീവ് പരിചരണം | 2,44,586 | 55,414 |
| 2 | ,, | ,, | 32,54,534 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 32,54,534 | 0 |
| 3 | ,, | ,, | 2,50,000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 2,50,000 | 0 |
| 4 | ,, | ,, | 6,32,916 | കിണർ റീചാർജ് | 6,32,916 | 0 |
| | | 2017-18 | 7,98,500 | ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ എസ്.സി.പി. | 7,98,500 | |
| | **ആകെ** | | **52,35,950** | | **51,80,536** | **55,414** |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ പോസ്റ്റ്മാറ്റലും, സ്ട്രീറ്റ്ലൈൻ വലിക്കലും(348) | 2,18,01,357 | 20,495 | 0 | 20,495 |
| | | 2,18,01,854 | 461767 | 0 | 4,61,767 |
| | | | 12,269 | 0 | 12,269 |
| ,, | വിവിധ വാർഡുകളിൽ പോസ്റ്റ്മാറ്റലും, സ്ട്രീറ്റ് ലൈൻ വലിക്കലും(336) | 21,80,620 | 1,21,986 | 0 | 1,21,986 |
| എൻ.ആർ.എച്ച്.എം | പി.എച്ച്.സി വികസനം(94) | 2,18,01,668 | 10,34,064 | 0 | 10,34,064 |
| ,, | പി.എച്ച്.സി വികസനം(94) | 2,18,01,669 | 6,00,000 | 0 | 6,00,000 |
| ഐ.ആർ.ടി.സി | മാലിന്യസംസ്കരണ | 2,18,01,976 | 3,00,000 | 0 | 3,00,000 |

| | | | | | |
|---|---|---|---|---|---|
| | ഷ്രെഡ്ഡിംഗ് യൂണിറ്റ് നിർമ്മാണം(346) | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് ഭവനപദ്ധതിക്കായി ഹഡ്കോയിൽ നിന്നുള്ള വായ്പയിനത്തിൽ 2,78,72,365/- രൂപ വരവുണ്ട്. 2,78,72,365/-രൂപ വിനിയോഗിച്ചിട്ടുമുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | ജി.ഒ.(എം.എസ്)68/2018, 18.5.2018, ജി.ഒ.(എം.എസ്) 100/2018, 30.7.2018 | 2,78,72,365 | 0 | 0 | 0 | 2,78,72,365 |

## 4-6 സ്ഥിര നിക്ഷേപം

സ്ഥിരനിക്ഷേപം ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തീയതി |
|---|---|---|---|---|
| 2017-18 | 2-6-1 | 2,000 | ഗ്ലോറി റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | 1180105799/21.11.2018 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11 | 3-1 | 2004-05 | 2-4 | കളിസ്ഥലം നിർമ്മാണത്തിൽ ക്രമക്കേടുകൾ | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ് |
| 1999-2000, 2001-02 | 17 | 2004-05 | 2-4 p.42 | കാർഷിക യന്ത്രവൽക്കരണം ലക്ഷ്യം നേടിയില്ല | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ് |

| | | | | | |
|---|---|---|---|---|---|
| 2014-15 | | 2012-13 | 4.1.5,p.26 | നിഷ്ക്രിയാസ്തികൾ -വനിതാ വ്യവസായകേന്ദ്രം | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണയിലാണ് |
| 2014-15 | 3-13 | 2013-14 | 4.1.7.p.33 | കുടിവെള്ള പദ്ധതികൾ | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണയിലാണ് |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തുകകളൊന്നും തൻവർഷം ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 15,05,38,781 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 13,34,93,594 |
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 23,42,423 |

**(ബി) പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 43,810 | ശ്രീ.അരുൺകുമാർ എൻ., സെക്രട്ടറി |
| 1-26 | 3,00,000 | ശ്രീ.ഷാനവാസ് ഇ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-27 | 16,34,064 | ശ്രീ.ഷാനവാസ് ഇ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-28 | 40,000 | ശ്രീ.അൻസു ഒ.എ., അസിസ്റ്റന്റ് സെക്രട്ടറി |
| 1-29 | 1,91,168 | ശ്രീ.സുബാഷ് എസ്.എസ്., കൃഷി ഓഫീസർ |
| 1-31 | 1,11,900 | ശ്രീ.സുബാഷ് എസ്.എസ്., കൃഷി ഓഫീസർ |
| 1-35 | 21,481 | ഡോ.അമ്പിളി ടോം, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) |
| | **23,42,423** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 99-00, 00-01, 01-02 പ്ലാൻ | എൽ.എഫ്.കെ.പി.10/1291/11/16.6.12 |
| 02-03 ചെലവ് | എൽ.എഫ്.കെ.പി.4/65/06/26.12.06 |
| 96-97 വരവ് | എൽ.എഫ്.കെ.പി.4/509/07/26.7.07/1.10.07 |
| 98-99 വരവ് | എൽ.എഫ്.കെ.പി.4/511/07/5.10.09/6.11.09 |
| 01-02 വരവ് | കെ.എസ്.എ.കെ.ടി.എം.പി9(അദാ.18)54(2)/18/31.01.18 |
| 02-03 വരവ് | എൽ.എഫ്.കെ.പി.4/150/09/6.10.09/6.2.10 |
| 02-03 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.18)54(3)/18/31.01.18 |
| 06-07 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.18)54(7)/18/31.01.18 |
| 07-08 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.18)54(8)/18/31.01.18 |
| 08-09 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.18)54(9)/18/31.01.18 |
| 09-10 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.18)54(10)/18/31.01.18 |
| 10-11 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.18)54(11)/18/31.01.18 |
| 11-12 വരവുചെലവ് | എൽ.എഫ്.കെ.പി.10/561/13/06.11.13 |
| 12-13 വരവുചെലവ് | എൽ.എഫ്.കെ.പി.10-504/15/28.05.15 |
| 13-14 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി10/256/15/16.02.16 |
| 2014-15 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9/1074/17/25.01.18 |
| 2015-16 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി10/464/2017/29.5.17/01.06.17 |
| 2016-17 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9/112/2018/29.5.17/29.01.18 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി 9/2018/2018/30.4.2019 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം**

**അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്**

**നം.കെ.എസ്.എ-കെ.ടി.എം.പി9/179/2020** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**
**ഫോൺ: 04812564886**
**ഇ-മെയിൽ: doktm.ksad@kerala.gov.in**
**തീയതി:12.03.2020**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ** വാർഷിക ധനകാര്യപത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം**